For Private Circulation Only

December 2025

ആഗമനധ്വനി

HOLY BIBLE

Vol.72

" നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്ന്, നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്നല്ലയോ " (യാക്കോ. 4:1)

No.12

പാപം കൊണ്ട് നിറഞ്ഞ ഒരു ലോകത്തിൽ ഒരു വിശുദ്ധ ജീവിതം

By A.B. Simpson

വേദഭാഗ വായന: യാക്കോബ് 4:10

യാക്കോബ് അപ്പോസ്തലൻ എഴുതിയിരിക്കുന്നതു കൊണ്ട് നമ്മുടെ പ്രായോഗിക ക്രിസ്തീയ ജീവിതവും അതിന്റെ ഉപദേശങ്ങളും ആയിരിക്കുന്നത് എന്ന് നാം ചിന്തിക്കരുത്. യഥാർത്ഥ ക്രിസ്തീയ ജീവിതത്തിന്റെ വിചാര വികാരങ്ങൾ ആഴമായി പഠിച്ചിട്ട് തന്റെ ആത്മീയ അനുഭവങ്ങളിൽ നിന്നുമാണ് എഴുതിയിരിക്കുന്നത്. അദ്ദേഹം വിശുദ്ധിയുടെ വിഷയത്തിൽ അതിന്റെ ആഴങ്ങളിലേക്ക് ഇറങ്ങി ആത്മീയ മർമ്മങ്ങളെ പഠിച്ചും പരിചയിച്ചും ദൈവിക കര സ്പർശനം പ്രാപിച്ച അനുഭവങ്ങളിൽ നിന്നുമാണ് അദ്ദേഹം എഴുതുന്നത്. ആദ്യം അദ്ദേഹം തന്റെ വിഷയത്തിന്റെ ഇരുണ്ട അദ്ധ്യായത്തിലേക്ക് തിരിയുന്നു, ശേഷം തന്റെ വിഷയത്തിലേക്ക് തിരിയുന്നു.

പാപമുള്ള ഹൃദയം, പഴയ പാപമുള്ള സ്വഭാവം

" നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്ന്? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്നല്ലയോ "? (യാക്കോ. 4:1). ഇതാകുന്നു നമ്മുടെ സകല ദു:ഖങ്ങളുടെയും മൂലകാരണം, പാപ ഹൃദയം. പഴയ ശരീരം നന്നായി വൃത്തിയാക്കുന്നതുവരെ ആ ശരീരത്തിൽ പുതിയ വസ്ത്രങ്ങൾ ധരിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. പുറമേയുള്ള കഴുകലിൽ മാത്രം ഒതുക്കിക്കളയരുത്. ഹൃദയം കൂടെ വൃത്തിയാക്കേണം, അസ്ഥികളിൽ മറഞ്ഞിരിക്കുന്ന പാപവും കഴുകിക്കളയേണം. വെള്ളം അരിച്ചെടുത്തിട്ട് കാര്യമില്ല, ദൈവത്തിന്റെ ഉറവുകളിൽ നിന്നുള്ള വെള്ളത്താൽ നമ്മുടെ അകത്തെ മനുഷ്യനെ കഴുകി വൃത്തിയാക്കേണം.

എല്ലാ പ്രശ്നങ്ങളുടെയും ആഴങ്ങളിലേക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം ഇറങ്ങി, ഈ വീഴ്ചയുള്ള സ്വഭാവത്തിൽ, ഈ ചത്ത ഹൃദയത്തിൽ, "നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന മോഹങ്ങളിൽ ". എന്താണ് മോഹം? ഇത് പാപത്തോടുള്ള നമ്മുടെ ആഗ്രഹമാണ്. ഇത് എന്തിനോടുമുള്ള തെറ്റായ സ്നേഹമാണ്, സ്നേഹം വഴിതിരിച്ചു വിടുന്നു, ദൈവത്തിൽ നിന്നും സ്വയനീതിയിലേക്കുള്ള സ്നേഹത്തിന്റെ വഴിത്തിരിവാണ്. ദൈവത്തിന്റെ പദ്ധതികളിൽ നിന്നും ദുഷ്ട ഹൃദയത്തിന്റെ വഴിത്തിരിഞ്ഞുള്ള പോക്കാണ്.

യാക്കോബ് നമ്മോട് പറയുന്നത്, ഈ ദുഷ്ട ആഗഹം നമ്മുടെ ജീവിത വഴികളിൽ പ്രവേശിച്ചിട്ട്, നമ്മുടെ പ്രാർത്ഥനകളിൽ അത് പ്രവേശിക്കുന്നു. "നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗേച്ഛകളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല " (4:3). അതുകൊണ്ട് വലിയ മാനുഷിക മതങ്ങൾ പാപത്തിന്റെ ആഗ്രഹത്തിന് കാരണമാകുന്നു. ഇത് മനുഷ്യന്റെ പാപമുള്ള ഹൃദയത്തിൽ വസിക്കുന്നു, പഴയ മനുഷ്യനെ തൃപ്തിപ്പെടുത്തുന്ന മറ്റൊരു രീതിയായി മാറ്റപ്പെടുന്നു. ഇത് പേരിൽ ക്രിസ്ത്യാനികൾ ആയിരിക്കുന്നവർക്ക് പാപത്തെ പുറം പൂശി മോടി പിടിപ്പിക്കുന്ന അനുഭവമായിരിക്കുന്നു. മതം മനുഷ്യനെ ദൈവത്തിൽ നിന്നും അകറ്റി നരകത്തിൽ നിന്നും അകറ്റി സുരക്ഷിത ചിന്തകളെ ഒരുക്കിക്കൊടുക്കുന്നു.

എന്നാൽ, പപഹൃദയത്തിന് അതിന്റേതായ പ്രയാസങ്ങളുണ്ട്. ഈ അവസ്ഥക്ക് മാറ്റം വരുത്തുന്നതുവരെ വിശുദ്ധീകരണത്തിന്റെ പ്രവൃത്തി ആരംഭിക്കയില്ല. വികലമായ ഇഷ്ടങ്ങൾക്ക്, തെറ്റായ ആഗ്രഹങ്ങൾക്ക്, പഴയ മനുഷ്യന്റെ തെറ്റായ ഇടപെടലുകൾക്ക് വ്യത്യാസം വരുന്നതുവരെ വിശുദ്ധീകരണം നടക്കുകയില്ല. നിങ്ങളുടെ ദുഷ്ട ചിന്തകൾ ക്രൂശീകരിക്കപ്പെടേണം.

ആദ്യമായി, നിങ്ങളുടെ സ്വയം ക്രിസ്തുവിനോടുകൂടെ ക്രൂശീകരിക്കപ്പെടണം. വിശുദ്ധീകരണം, സ്വാഭാവികമായ നമ്മുടെ രീതികളെ പ്രോത്സാഹിപ്പിക്കുകയല്ല, നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കയുമില്ല; എന്നാൽ മരണത്തിലേക്ക് പോകുന്ന പ്രാകൃത മനുഷ്യനെ കൈകാര്യം ചെയ്യുന്നത് ഉപയോഗമില്ലാത്ത കാര്യമാണ്, നിങ്ങൾ ഇതിനെ നേരെയാക്കുവാൻ ശ്രമിക്കുന്നതും നല്ലതല്ല, കർത്താവിന്റെ ഇഷ്ടത്തിന് ഏല്പിക്കുന്നതാണ് അഭികാമ്യം, അവിടുത്തെ ജീവിതത്തിലേക്ക് ക്ഷണിക്കുക. നമ്മിൽ പ്രവർത്തിക്കുവാൻ, നമുക്കു പകരമായി, നിങ്ങളുടെ പഴയ ഹൃദയത്തിനു പകരം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിക്കായി ഏല്പിച്ചുകൊടുക്കുക.

വിശുദ്ധീകരണത്തിന്റെ ആരംഭം, അതുകൊണ്ട്, നിങ്ങളുടെ ആഗ്രഹങ്ങളും തെരഞ്ഞെടുപ്പുകളും തെറ്റാണെന്ന് സമ്മതിക്കുക. നമ്മുടെ ജീവിതം പൂർണ്ണമായി തെറ്റാണ് എന്ന് സമ്മതിക്കുക. നിങ്ങളെത്തന്നെ സമർപ്പിക്കേണം, വഴിയിൽ നിന്നും പുറത്തു വരേണം, മരിക്കണം " നിങ്ങളെത്തന്നേ മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന് സമർപ്പിച്ചുകൊൾവിൻ (റോമ.6:13).

(ശേഷം 1-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

പാപം കൊണ്ടു നിറഞ്ഞ ഒരു ലോകത്തിൽ ഒരു വിശുദ്ധ ജീവിതം

നിങ്ങളുടെ ജീവിതം മുഴുവൻ പുതിയതും ദിവ്യവും ആയിത്തീരട്ടെ. " ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു, ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു ". (ഗലാ.2:20). ഈ സത്യം കാണുവാനും, ജീവിക്കുവാനും, സത്യത്തിനുവേണ്ടി മരിക്കുവാനും നമുക്ക് ഇടവരട്ടെ.

വിലക്കപ്പെട്ട ലോകം, ദുഷ്ടലോകം

" വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു " (യാക്കോ 4:4). നിങ്ങൾ തെറ്റുകാരൻ മാത്രമല്ല, പാപമുള്ള ഒരു ലോകവുമായി നിങ്ങൾ പാപത്തെ ചുറ്റുന്നു, ലോകത്തിൽ നിന്നും പുറത്തു പോകുന്നു നിങ്ങളും കൂടെ. വിശുദ്ധീകരണം എപ്പോഴും വേർപാടുമായി കൂട്ടു പിണഞ്ഞു കിടക്കുന്നു. വിശുദ്ധീകരണം നിങ്ങളിലൂടെ തെറ്റു കാണുവാൻ നിങ്ങളെ സഹായിക്കുന്നു. വേർപാട് എന്നത് ലോകത്തിനും പാപത്തിനും മരിച്ചിരിക്കുന്ന അവസ്ഥയാണ്, പുതിയ ലോകത്തിലേക്ക് പ്രവേശിക്കുന്നു, കാണപ്പെടാത്ത ലോകം, വരുവാനുള്ള രാജ്യം, ആ ലോകത്തിന്റെ പരമാധികാരി ദൈവമാണ്, നിങ്ങൾ, " ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു " (കൊലൊ. 3:3), അവിടുത്തെ വെളിപ്പാടിനായി കാത്തിരിക്കുന്നു, ആ സത്യലോകം പ്രത്യക്ഷപ്പെടുമ്പോൾ അതിന്റെ മഹത്വവും നിറങ്ങളും വെളിപ്പെടുത്തും.

" വ്യഭിചാരിണികളായുള്ളോരേ.... ". ഇത് അക്ഷരീകമായ വ്യഭിചാരം അല്ല, ആത്മീകമായ വ്യഭിചാരം ആണ്. ഇത് മണവാളനായ കുഞ്ഞാടിനെ, തന്റെ ഭർത്താവിനെ ഉപേക്ഷിച്ച് ലോകത്തെ സ്നേഹിച്ചതാണ്. തന്റെ ഭർത്താവിനോട് അവിശ്വസ്തത കാണിച്ച് ലോകത്തിന്റെ കരങ്ങളിൽ ആശ്രയിച്ചതാണ്. നിങ്ങൾ ക്രിസ്തുവിന്റേത് ആണെങ്കിൽ, അവിടുത്തേത് മാത്രം ആയിരിക്കും. ക്രിസ്തു തന്റെ മണവാട്ടിയിൽ പ്രശംസിക്കുന്നു.അതുകൊണ്ട് യാക്കോബ് പറയുന്നു, ഇവിടെ തന്റെ സ്നേഹം വെളിപ്പെടുന്നു, ലോകം നിങ്ങൾക്ക് ക്രൂശിക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ ലോക

(ശേഷം 3-ാംപേജിൽ)

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 നവംബർ മാസം നമ്മെ വിട്ട് കടന്നു പോയി ഡിസംബർ മാസത്തിലേക്ക് നാം കടന്നിരിക്കുന്നു. എത്രയോ പേർ ഈ 2025 ഡിസംബർ കാണുവാൻ കഴിവില്ലാതെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെട്ടപ്പോൾ ദൈവം നമ്മെയും നമുക്കുള്ള എല്ലാറ്റിനെയും അത്ഭുതകരമായി കാത്തു സൂക്ഷിച്ചതിനായി ദൈവ സന്നിധിയിൽ നന്ദിയുള്ളവരായി ജീവിക്കാം.

" അന്ന് ആ പ്രദേശത്ത് ഇടയന്മാർ രാത്രിയിൽ ആട്ടിൻ കൂട്ടത്തെ കാവൽകാത്തു വെളിയിൽ പാർത്തിരുന്നു. അപ്പോൾ കർത്താവിന്റെ ഒരു ദൂതൻ അവരുടെ അരികെ നിന്നു. കർത്താവിന്റെ തേജസ്സ് അവരെ ചുറ്റി മിന്നി. അവർ ഭയവശരായിത്തീർന്നു ദൂതൻ അവരോട് ഭയപ്പെടേണ്ടാ; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. നിങ്ങൾക്ക് അടയാളമോ ശീലകൾ ചുറ്റി പശുത്തൊട്ടിയിൽ കിടക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്നു പറഞ്ഞു. പെട്ടെന്നു സ്വർഗ്ഗീയ സൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്ന് ദൈവത്തെ പുകഴ്ത്തി. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്നു പറഞ്ഞു ". (ലൂക്കൊസ്.2:8-14).

നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ. അതിനെ തടുക്കരുത്. മറക്കരുത്. ഇരുളുമായി ഇതിനെ കൂട്ടിക്കുഴക്കരുത്. എഴുന്നേറ്റു പ്രകാശിക്ക. അതു ഓരോ ദിവസവും പ്രകാശിക്കട്ടെ.

നിങ്ങളുടെ മുഴു ജീവിതവും ദൈവത്തെ പിൻപറ്റുന്നതായിരിക്കട്ടെ. ദൈവത്തെ നോക്കുമ്പോൾ അവൻ നമ്മെ മുന്നോട്ട് നയിക്കും. ഓരോ ദിവസവും നമ്മെ വിട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. വേല ചെയ്യുക. വിശ്വാസത്തോടെ ചെയ്യുക. ക്ഷമയോടെ ചെയ്യുക. ഭയപ്പെട്ടു പോകരുത്.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

പാപം കൊണ്ടു നിറഞ്ഞ ഒരു ലോകത്തിൽ ഒരു വിശുദ്ധ ജീവിതം

ത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ പാപമുള്ള പഴയ ജീവിതം ക്രിസ്തുവിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

എന്താണ് ലോകം? തിന്നാതെ വേല ചെയ്യാതെ നല്ലവരായി ജീവിക്കണം എന്ന് ഇതിനർത്ഥമില്ല. ഇത് അർത്ഥമാക്കുന്നത്, ലോകസ്നേഹം മരിക്കേണം, ഈ ലോകത്തിനനുരൂപമാകാതെ ജീവിക്കേണം, വരുവാനുള്ള ലോകത്തിന്റെ മക്കളായി ജീവിക്കേണം, നമ്മുടെ കർത്താവായ യേശുവിന്റെ വേഗത്തിൽ വെളിപ്പെടുവാനിരിക്കുന്ന ലോകത്തിനായി ജീവിക്കേണം.

ഈ വിലക്കപ്പെട്ട ലോകത്തെക്കുറിച്ച് യോഹന്നാൻ പറയുന്നുണ്ട്, “ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളത് എല്ലാം പിതാവിൽ നിന്നല്ല ലോകത്തിൽ നിന്നത്രേ ആകുന്നു” (1 യോഹ. 2:16). ത്രിയേക ദൈവത്തിന്റെ ത്രിത്വം ഇവിടെ കാണാം.

“ജഡമോഹം”. ഇതിന്റെ അർത്ഥം, ഇഷ്ടങ്ങളുടെ സംപൂർത്തീകരണം, ആഹാരത്തിനുവേണ്ടി, ജഡത്തിന് വേണ്ടിയുള്ള ചിന്ത, ദയ, സ്വത്യപ്തിക്കു വേണ്ടിയുള്ള ആഗ്രഹം, ന്യായപ്രമാണപ്രകാരമുള്ളതോ അല്ലാതെയോ ഉള്ള ഇടപെടൽ; ഇഷ്ടങ്ങളിൽ സന്തോഷിപ്പാനുള്ള ആഗ്രഹം, ഇപ്രകാരമുള്ള സന്തോഷങ്ങളുടെ അതിപ്രസരം.

ജീവിക്കുവാൻ വേണ്ടി ഭക്ഷിക്കേണം, ഭക്ഷിക്കാൻ വേണ്ടി ജീവിക്കരുത്. പരിപാലനത്തിന് അവകാശമുണ്ട്, സന്തോഷിപ്പാൻ കഴിയും. ദൈവം ഈ കഴിവുകൾ തന്നിരിക്കുന്നു. എന്നാൽ കേവലം ജീവിതത്തിന്റെ ഈ സാഹചര്യങ്ങൾ വേഗം കഴിഞ്ഞുപോകും. ഇവ ഏതെങ്കിലും കാര്യങ്ങൾ നിയന്ത്രണാതീതമാണെങ്കിൽ, നിങ്ങൾ ലോകക്കാരനാണ്. അവ ജീവിതത്തിൽ ലോകപ്രകാരം ബന്ധങ്ങളായിരുന്നു. അങ്ങനെ ഓരോ സന്തോഷവും പുകഴ്ത്തലുകളും, ദൈവത്തിന്റെ ഇടപെടലുകളിൽ എപ്പോഴും ഒരു സേവകനാണ് ഒരു സഹായിയാണ്, ഒരു ഉന്നത ലക്ഷ്യത്തിന് വേണ്ടിയുള്ള വഴിയാണ്.

“കൺമോഹം” എന്നത് ജാതീയ ലോകം ഉൾപ്പെട്ടു നിൽക്കുന്നവരുടെ ആകർഷകമായ വസ്ത്രങ്ങൾ, സ്ഥാനമാനങ്ങളോടുള്ള സ്നേഹം ആകർഷകമായ ഫർണിച്ചറുകളോടുള്ള സ്നേഹം, സൗന്ദര്യത്തോടുള്ള സ്നേഹം തുടങ്ങിയവയാണ്. ഇവയുടെ സ്വാധീനം ജീവിതത്തെ നിയന്ത്രിക്കുമ്പോൾ, പ്രത്യേകിച്ച് ഇവ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുമ്പോൾ, ഇവ നമ്മുടെ ജീവിതത്തെ ഭരിക്കുമ്പോൾ അവ നമുക്ക് വിലക്കപ്പെട്ടതായിരിക്കുന്നു. ദൈവം കാര്യങ്ങളെ മനോഹരമായി ഉണ്ടാക്കുമ്പോൾ, നമ്മുടെ ദൈവത്തിന് നന്ദി പറയുവാൻ കഴിയും, എന്നാൽ നാം അവനിൽ ആശ്രയിക്കുവാൻ പാടില്ല, നമ്മുടെ ശ്രദ്ധ ദൈവത്തിൽ ആയിരിക്കേണം, നാം ദൈവത്തിൽ സർപ്പിച്ചു അവിടുത്തെ പാദപീഠത്തിൽ നമസ്കരിച്ച് അവിടുത്തെ മഹത്വത്തിനായി ജീവിക്കേണം.

“ജീവനത്തിന്റെ പ്രതാപം” ലോകത്തിന്റെ ഉന്നതഭാവം, കുടുംബ ശ്രേഷ്ഠത, സംസ്കാരത്തിന്റെ അഹങ്കാരം, ജീവിതത്തിൽ ലഭ്യമായിട്ടുള്ള ഏതെങ്കിലും കഴിവുകൾ, ഇവയൊക്കെയും ജീവിതത്തിൽ വിഗ്രഹങ്ങളായിത്തീരാറുണ്ട്. ഒരു പക്ഷേ ഇന്ന് സാമൂഹ്യശക്തിയുടെ അഹങ്കാരം വലിയ അപകടമായിത്തീരാറുണ്ട്. രാഷ്ട്രീയ തലങ്ങളിൽ പ്രവർത്തിക്കുന്ന മനുഷ്യർ രാജാക്കന്മാരെപ്പോലെ പെരുമാറാറുണ്ട്, മനുഷ്യഹൃദയങ്ങളെ ഇവ സ്വാധീനിച്ചിട്ട് ഹൃദയങ്ങളെ കഠിനമാക്കി പൈശാചികമായ സ്വഭാവത്തിലും പണത്തിന്റെ അഹങ്കാരത്തിലും ആക്കിത്തീർക്കാറുണ്ട്.

നിങ്ങൾക്ക് ഈ സുഖങ്ങൾ അനുഭവിച്ച് ഒരു കോടീശ്വരനായി അവന്റെ ലോകത്തിൽ നിങ്ങൾക്ക് വാഴുവാൻ കഴിയും.

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക — *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*

പശ്ചാത്തപിക്കുക — *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*

ഏറ്റുപറയുക — *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*

ഉപേക്ഷിക്കുക — *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*

ശുദ്ധീകരിപ്പെടുക — *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*

വിശ്വസിക്കുക — *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*

സമർപ്പിക്കുക — *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*

പ്രാപിച്ചെടുക്കുക — *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

സ്നാനം ഏൽക്കുക — *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

പാപം കൊണ്ടു നിറഞ്ഞ ഒരു ലോകത്തിൽ ഒരു വിശുദ്ധ ജീവിതം

തീക്കും വിറകിനും നമ്മെ ഏല്പിക്കും. ലോകം വിറകാണ്. മോഹം തീയാണ്. ദൈവം ആഗ്രഹിക്കുന്നത് തീയിൽ നിന്നും വിറകിൽ നിന്നും നിങ്ങളെ വിടുവിച്ചു പുതിയ ലോകത്തിൽ നമ്മെ എത്തിക്കുവാനാണ്. അവിടുത്തെ നിത്യരാജ്യത്തിൽ വിശുദ്ധിയും, പ്രത്യാശയും യേശു ഭരിക്കുന്ന ലോകത്തിന്റെ ധനത്തിനും മഹത്വത്തിനും കിടപിടിക്കുവാൻ കഴിയാത്ത രാജ്യമാണത്.

ശത്രുത്വം : ദൈവസ്നേഹം

ജഡമോഹത്തോടും ലോകസ്നേഹത്തോടുമുള്ള ശത്രുത്വം ദൈവസ്നേഹമാണ്. ഇവിടെ, ലോകത്തോടും അതിന്റെ വശീകരണങ്ങളോടുമുള്ള വിരോധം, മറ്റൊരു വശീകരണശക്തിയോടുള്ള ഉന്നത നിലവാരമുള്ള മനോഹരമായ നിത്യമായതിനോടുള്ള വിധേയത്വമാണ്.

സന്തോഷമുളവാക്കുന്ന മനോഹരമായ ഒരു കരവിരുത്, പദ്യമെഴുത്ത്, ചരിത്രം, കഥയെഴുത്തിന് കാരണമായ ഒരു സുവർണ്ണ ചരടായി യുഗങ്ങളായി ഞങ്ങൾക്ക് ലഭിച്ചിരിക്കുന്നു. ആ സുവർണ്ണ ചരട് ഒരു ദിവ്യസ്നേഹമാണ്. ഇത് ഒരു പഴയ, പഴയകഥയാണ്; അതൊരു മാനുഷിക ഹൃദയമാണ്, കുടുംബത്തെ ഉപേക്ഷിച്ച കഥ, ഭാഗ്യം, ഭൗതിക കാര്യങ്ങൾ, സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ, നിങ്ങൾ ആ ശുദ്ധമായ സത്യഹൃദയത്തിൽ നിന്നുള്ള സ്നേഹം നിങ്ങൾ പിടിച്ചിരിക്കുന്നു എങ്കിൽ, അവിടെ എപ്പോഴും മനോഹരവും സ്വർഗ്ഗീയ മനോഹരവും എന്ന് നിങ്ങൾക്ക് തോന്നുന്നു എങ്കിൽ, ഇത് നിങ്ങളെ ഉയർത്തും, ത്യാഗവും ബുദ്ധിയുമുള്ള ജീവിതം, ലോകത്തിൽ ആർക്കും തരാൻ കഴിയാത്ത ജീവിതം. ഇപ്പോൾ വീണ്ടെടുപ്പിന്റെ കഥ പറയുന്ന ഒരു പഴയ കഥ. വർഷങ്ങൾക്ക് മുമ്പ് ദൈവത്തിന്റെ ഹൃദയത്തിലും ക്രിസ്തുവിന്റെ സ്നേഹത്തിലും ആരംഭിച്ച ഒരു കഥ. അവിടുന്ന് ഒരു സ്വർഗ്ഗീയ വരൻ, പാവപ്പെട്ട നഷ്ടപ്പെട്ട വധുവിനെ തേടുന്നു, തന്റെ മഹത്വത്തിലേക്ക് ഉയർത്തി തന്റെ സിംഹാസനത്തിൽ ഇരുത്തുന്നു. യെഹെസ്ക്കേൽ 16-ാം അധ്യായത്തിൽ താൻ പറയുന്നു, ഒരു സ്നേഹത്തിന്റെ രൂപം, അവളുടെ രക്തത്തിൽ കണ്ടുമുട്ടുന്നു. അവളോട് പറയുന്നു, ജീവിക്ക; അതിന്റെ ശേഷം, അവളെ കഴുകി വൃത്തിയാക്കി, മനോഹര വസ്ത്രം ധരിപ്പിച്ചു, വിലപിടിച്ച ആഭരണങ്ങൾ ധരിപ്പിച്ചു, എന്നിട്ട് പറഞ്ഞു, “നീ എന്റേത് ആയിത്തീരുന്നു”.

എല്യേസറിനെപ്പോലെ, അബ്രഹാമിന്റെ ഒരു വേലക്കാരൻ, അബ്രഹാമിന്റെ അവകാശിക്ക് ഒരു വധുവിനെ അന്വേഷിച്ച് ദൂരദേശത്തേയ്ക്ക് പോകുന്നു, അവളെ കണ്ടുമുട്ടുന്നു, വാക്കു കൊടുക്കുന്നു, വിലയേറിയ ആഭരണങ്ങളും മുത്തുകളും അവൾക്ക് കൊടുക്കുന്നു. അവൾക്കായി കാത്തിരിക്കുന്ന ഭർത്താവിനുവേണ്ടി, അതുപോലെ പരിശുദ്ധാത്മാവ് യേശുവിന് മണവാട്ടിയെ എടുപ്പാൻ ഇറങ്ങി വരുന്നു, തന്റെ സ്നേഹത്തെക്കുറിച്ച് അവളോട് പറയുന്നു, തന്റെ വരവിനായി അവളെ ഒരുക്കുന്നു. അവിടുത്തെ ശബ്ദം തലമുറകളിലൂടെ മുഴങ്ങിക്കേൾക്കുന്നു, “അല്ലയോ കുമാരീ കേൾക്ക, നോക്കുക, ചെവി ചായ്ക്ക സ്വജനത്തേയും നിന്റെ പിതൃഭവനത്തേയും മറക്ക. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും. അവൻ നിന്റെ നാഥനല്ലോ. നീ അവനെ നമസ്ക്കരിച്ചു കൊൾക” (സങ്കീ. 45:10,11).

സ്നേഹത്തിന്റെയും പ്രത്യാശയുടെയും പുതിയലോകം റിബേക്ക യുടെ ഹൃദയത്തെ തട്ടിയുണർത്തി. അപ്പന്റെ ഭവനത്തെയും കുട്ടിക്കാലം ചെലവഴിച്ച ഭവനത്തെയും ഉപേക്ഷിപ്പാനുള്ള ഹൃദയം അവൾ ക്ക് നൽകി: ജാതീയ കന്യകമാരെപ്പോലെ, പഴയ ആകർഷണത്തി ന്റെ പുതിയ സന്തോഷം, കുട്ടിക്കാലം ചെലവഴിച്ചതായ ഭവനവും ഓർമ്മകൾ ഉറങ്ങുന്ന അവളുടെ ചുറ്റുപാടുകളേയും മറക്കാനുള്ള പ്രാപ്തിയും മുന്നിൽ കാണുന്ന മരുഭൂമിയും, കടലും പട്ടാള ക്യാമ്പുകൾ, കഷ്ടതകൾ പ്രയാസങ്ങൾ, ക്ഷാമം, എല്ലാം താൻ സ്നേഹിക്കുന്നവനു വേണ്ടി സഹിക്കുവാൻ തയ്യാറായി. അതുപോലെ ക്രിസ്തുവിന്റെ സ്നേഹം, ഒരിക്കൽ അവകാശമാക്കിയ ആത്മാവിന്റെ ധനം, സ്വയത്തേയും, ലൗകികതയെയും, വെറുത്തു, ഗുരുവിന്റെ പാദങ്ങളെ പിൻപറ്റുവാൻ യോഗ്യനാക്കി.

പരിശുദ്ധാത്മാവ് സഹായിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വേർപിരിക്കുവാൻ ഒന്നിനാലും സാധ്യമല്ല. അവിടുന്ന് നമ്മെ സ്നേഹിക്കുന്നു, ലോകത്തിന്റെ മോഹങ്ങളിൽ നിന്നും അതിന്റെ എല്ലാ സ്വാധീനങ്ങളിൽ നിന്നും വിടുവിച്ചു കാക്കുന്നു.

വിശുദ്ധീകരണത്തോടുള്ള ബന്ധത്തിൽ റോമർ 1-ാം അധ്യായത്തിൽ പൗലൊസ് പറയുന്നത്, “അതുകൊണ്ട് സഹോദരന്മാരേ, നാം ദൈവത്തിന് ഫലം കായ്ക്കുമാറ് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന് ആകേണ്ടതിന് നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു” (റോമർ. 7:4).

വിശുദ്ധീകരണം എന്നത് ക്രിസ്തുവിനോടുള്ള വിവാഹത്തിന്റെ ഫലമാണ്. ജീവിക്കുന്ന രണ്ട് പേരുടെ ജീവിതത്തിൽ നിന്നും വരുന്ന, ജീവനുള്ള മുന്തിരി വള്ളിയിൽ ഫലങ്ങളുണ്ടാകുന്നു, അങ്ങനെ വിശ്വാസം, വിശുദ്ധി, ദയ വിശ്വാസികളുടെ നല്ല പ്രവൃത്തികൾ, എല്ലാം സ്നേഹമുള്ള ജീവിതത്തിൽ നിന്നും വരുന്നു. അവ മനുഷ്യന്റെ പ്രയത്നത്താൽ വരുന്നതല്ല, അവ ദൈവത്താൽ വരുന്നു, ദൈവസ്നേഹത്തിൽ നിന്നും ദൈവശക്തിയാലും വരുന്നു. പരിശുദ്ധാത്മാവിനാൽ നമുക്കു നൽകപ്പെടുന്നു. സ്നേഹത്താൽ നമ്മിൽ പ്രവർത്തിക്കുന്നു. ഇതു നമ്മിൽ പ്രവർത്തിക്കുന്ന ഒരു പുതിയ ശക്തിയാണ്. അത് ലോകത്തിന്റെ ഇഷ്ടത്തെ പുറത്താക്കുന്നു.

ഒരു സ്വാർത്ഥതയുള്ള പെൺകുട്ടി അവൾക്കു ലഭിക്കുന്ന ചെറിയ ജീവിത സുഖങ്ങളെ നിസാരം എന്ന് എണ്ണുമ്പോൾ, അവളുടെ സുഖസൗകര്യങ്ങളെ ഉപേക്ഷിക്കുവാൻ തയ്യാറാകുമ്പോൾ, വീട്, കൂട്ടുകാർ, ലോകത്തിൽ അവൾ ക്കുണ്ടായിരുന്ന സകലവും താൻ സ്നേഹിക്കുന്ന ഒരുവനുവേണ്ടി, കഷ്ടപ്പെടുന്ന തന്റെ മക്കൾക്കു വേണ്ടി കരുതുന്ന, തന്റെ നിത്യമായ സന്തോഷത്തിനുവേണ്ടി എല്ലാം പങ്കുവയ്ക്കുന്നു. ക്രിസ്തുവിന്റെ സ്നേ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

പാപം കൊണ്ടു നിറഞ്ഞ ഒരു ലോകത്തിൽ ഒരു വിശുദ്ധ ജീവിതം

ഹം, ദൈവശക്തി, എല്ലാ സ്വർത്ഥതയ്ക്കും മേലായി, ലക്ഷ്യം, ഈ കാലഘട്ടത്തി നാവശ്യമായ ശക്തി, സഹി ക്കുവാനും സേവിക്കുവാ നും ഉള്ള സന്തോഷം, പ്രിയ ഗുരുവിന്റെ ഉത്സാഹം തന്റെ പ്രത്യാശ എന്നിവയാണ്.

അത് ചെയ്യുമോ, അതു കൊണ്ട്, പ്രിയ കൂട്ടുകാരാ ലോകത്തിന് മീതെ ജീവി ക്കുന്നതിന്റെ രഹസ്യവും അറിയുക, അധികം ഫലം കായ്പാനും നീ ഏല്പിച്ചു കൊടുക്കുമോ? ക്രിസ്തു വിന്റെ സ്നേഹത്തിനു വേണ്ടി നിന്റെ ഹൃദയം തുറ ക്കുക. അവിടുത്തെ വഴി കൾക്ക് നിങ്ങളെ സമർപ്പി ക്കുക. അവിടുത്തെ സ്നേ ഹത്തിൽ ജീവിക്കുവാൻ പ ഠിക്കുക. എന്നാൽ നിങ്ങൾ ആത്മാവിന്റെ ഫലം കായ് ക്കും.

നിങ്ങളുടെ മുഴു ജീവിതം അവിടുത്തെ സ്നേഹത്തിനു വേണ്ടി നശിക്കട്ടെ, ഒരു സ്വർഗ്ഗം കീഴെ, ഒരു സ്വർഗ്ഗം മീതെ

കൃപയുടെ സ്ഥലം

" അവിടുന്ന് കൃപ ധാരാ ളം നൽകുന്നു " (യാക്കോ. 4:6). അതായത് എത്രമാത്രം തന്റെ സ്നേഹത്തിന്റെ മു മ്പാകെ നമ്മെ സമർപ്പി ക്കുമോ അത്രത്തോളം കൃപ യുടെ നിറവുകൾ നമ്മുടെ മേൽ പകരപ്പെടുന്നു. സ്നേ ഹം ആവശ്യപ്പെടുന്നത് കൃ പ നൽകുന്നു. സ്നേഹം എപ്പോഴും കൂടുതൽ ചോദി ക്കുന്നു.

അപരിചിതമായി തോന്നി യേക്കാം, ക്രിസ്തു നമ്മുടെ സ്നേഹം ആവശ്യപ്പെടുന്നു, നമ്മുടെ താഴ്മയോടുള്ള ഭ ക്തിയും. എന്നാൽ തണു ത്ത ഹൃദയം പ്രതികരിക്കു വാൻ കഴിവില്ലാതായിരിത്തീ രുന്നു, അപ്പോൾ നാം, " എ ന്റെ പ്രാണൻ പൊടിയോടു പറ്റിയിരിക്കുന്നു " (സങ്കീ. 119:25). ഇങ്ങനെ ആയി രുന്നാലും കൃപ നമ്മു ടെ വിടുതലിനായി വ്യാ പരിക്കുന്നു, പരിശുദ്ധാ ത്മാവ് വലിയ അളവിൽ നമ്മുടെമേൽ പകരപ്പെടു ന്നു, തന്റെ സ്നേഹം നമ്മുടെമേൽ പകരപ്പെടു ന്നു.

ഒരു ശാന്തമായ ധ്യാ നം നിങ്ങൾ ആവശ്യപ്പെ ടുന്നുവോ? വിശ്വാസ ത്താൽ കൃപയിലൂടെ അത് നേടിയെടുക്കാം, ചലനാത്മകമായ അവി ടുത്തെ സ്നേഹത്തെ നിങ്ങൾ ആഗ്രഹിക്കു ന്നുവോ, പ്രാർത്ഥനയിൽ സന്തോഷം, വചനത്തി ലൂള്ള സ്നേഹം, ആരാ ധനയിൽ ലഭിക്കുന്ന സന്തോഷം, ആഴമേറി യതും ദയയുള്ളതുമായ തന്റെ സന്തോഷം, അത് നാം ആഗ്രഹിക്കുന്നു വോ? " അവിടുന്ന് നമു ക്ക് കൃപ നൽകുന്നു ". അവന്റെ നിറവിൽ നി ന്നും നമുക്കു എല്ലാ വർക്കും കൃപമേൽ കൃ പ ലഭിച്ചിരിക്കുന്നു ". (യോ.1:16). നമ്മുടെ പഴയ പ്രാകൃത ഹൃദയ ത്തിൽ നിന്ന് അവിടുന്ന് ഒരിക്കലും പ്രതീക്ഷിച്ചി ല്ല. ഇത് സ്വർഗ്ഗത്തിൽ നിന്നും വരേണം, നിന്റെ കൃപ തരിക അധികം കൃപ അവിടുന്ന് അടിയ ങ്ങളുടെമേൽ പകരേണ മേ.

സ്വീകരിക്കുന്നതിന്റെ രഹസ്യം

തന്റെ സ്നേഹത്തി ന്റെ പ്രതീക്ഷയും നാം സ്വീകരിക്കുന്ന കൃപയു ടെ നിറവും അതിലൂടെ വെളിപ്പെടുന്ന നമ്മുടെ മനോഭാവും നാം എങ്ങ നെ നിലനിർത്തും?

ഒന്നാമതായി, ദൈവ ത്തിനു നിങ്ങളെത്തന്നെ സമർപ്പിക്കുക. ചോദ്യം ചെയ്യാതെയുള്ള സമർ പ്പണം വിശുദ്ധീകരണ ത്തിന്റെ ആദ്യപടിയാണ്, സമർപ്പിക്കപ്പെട്ട ഇഷ്ടം, തന്റെ പാദപീഠത്തിൽ ആത്മാവിന്റെ സമർപ്പ ണം, നിരന്തര പ്രാർത്ഥന യും, " കർത്താവേ, അവി ടുന്ന് എന്നിൽ ചെയ്യാവാ നാഗ്രഹിക്കുന്നത്, അതു എന്നിൽ ചെയ്യുമോ? ഇതാകുന്നു ആഴമായ അനുഗ്രഹം പ്രാപിപ്പാ നുള്ള വ്യവസ്ഥ.

രണ്ടാമതായി, ശത്രുവി നെതിരെ ക്രീയാത്മക മായ നിലപാട് സ്വീക രിക്കേണം. " പിശാചി നോട് എതിർത്തു നില് പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോ കും " (യാക്കോ. 4:7). അതിൽ ഒരു അപകടമു ണ്ട്, ശത്രു നമ്മോട് അടു ത്തുവരുമ്പോൾ നാം ഭയ പ്പെടുവാൻ സാദ്ധ്യത യുണ്ട്, നാം ഉറച്ച നില പാട് സ്വീകരിക്കേണം. ശരിയായ മനോഭാവം വച്ചു പുലർത്തേണം; അതെ, എന്ന് ദൈവ ത്തോട്, സാധ്യമല്ല എന്ന് പിശാചിനോടും.

മൂന്നാമതായി, താഴ്മ യുള്ള സ്വഭാവം വച്ചു പുലർത്തുക. ദൈവം താഴ്മയുള്ളവർക്കു കൃപ നൽകുന്നു. കർത്താ വിന്റെ സന്നിധിയിൽ താ ഴുവിൻ എന്നാൽ അവൻ നിങ്ങളെ ഉയർത്തും " (യാക്കോ. 4:6,10). താഴ്വരകൾ അരുവി കളെ സ്വീകരിക്കുന്നു, അതുപോലെ താഴ്മ യുള്ള ഹൃദയങ്ങളിലേ ക്ക് ദൈവത്തിന്റെ കൃപ ധാരാളമായി പകരപ്പെടു ന്നു.

നാലാമതായി ദൈവ ത്തിന്റെ സാമീപ്യം ആ ണ്, കൂട്ടായ്മയുടെ ജീവി തം, സ്വർഗ്ഗീയ പിതാവു മായിട്ടുള്ള നമ്മുടെ സ ഖിത്വം ഇത് വിശുദ്ധിയും പ്രധാനപ്പെട്ട ഒരു സംഗ തിയാണ്. " ദൈവത്തോ ട് അടുത്തു ചെല്ലുവിൻ; എന്നാൽ അവൻ നിങ്ങ ളോട് അടുത്തു വരും " (യാക്കോബ് 4:8). അങ്ങനെ നാം കർത്താ വിനോടുകൂടെ നടക്കു ന്നു. " സമാധാനത്തിന്റെ ദൈവം നിങ്ങളെ അവ ന്റെ ഇഷ്ടം ചെയ്യുവാൻ തക്കവണ്ണം എല്ലാ നന്മ യിലും യഥാസ്ഥാനപ്പെ ടുത്തി തനിക്കു പ്രസാദ മുള്ളത് യേശുക്രിസ്തു മുഖാന്തരം നമ്മിൽ നി വർത്തിക്കുമാറാകട്ടെ. അവന് എന്നേക്കും മഹത്വം ആമേൻ. ❖

പ്രസംഗ പീഠത്തിൽ അഭിഷേകത്തിനു വേണ്ടിയുള്ള വിളി! ജനത്തിൽ അതിന്റെ പ്രവൃത്തി

By Leonard Ravenhill

ഒരു മനുഷ്യൻ വിശ്വാ സത്തിൽ വന്നു. ആത്മാ വിൽ എരിവുള്ളവനായി, കർത്താവിന്റെ പടക്കള ത്തിൽ വിജയകരമായി, ആത്മാക്കളെക്കുറിച്ചു എരിവുള്ളവനായിരിക്കു വാൻ കാരണമുണ്ട്. ചില പ്പോൾ യാക്കോബിനെ പ്പോലെ ദൈവത്തോട് മല്ല് പിടിച്ച് പരിശുദ്ധാത്മാ വിനാൽ ശക്തീകരിക്ക പ്പെട്ടു!

വിജയകരമായ ക്രി സ്തീയ ജീവിതത്തിന് യുഗപരമല്ലാത്ത രണ്ട് കാരണങ്ങളുണ്ട്. അവ, ദർശനവും അതിയായ ആഗ്രഹവുമാണ്. മാനു ഷിക യുദ്ധങ്ങൾ ക്രൂര വും പൈശാചികവുമാ ണ്. ആത്മിക യുദ്ധം എ ന്നത് ഒരു ദർശനത്താൽ പിടിക്കപ്പെട്ട് അതിയായ ആഗ്രഹത്താലുമാണ്.

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

പ്രസംഗ പീഠത്തിൽ അഭിഷേകത്തിനു ..... അതിന്റെ പ്രവൃത്തി

സ്വർഗ്ഗീയ മനസുള്ളവരായി പോർക്കളത്തിൽ ആയിരിക്കുവാൻ ചിലർ നമ്മെ ബുദ്ധിയുപദേശിക്കുന്നു. സഹോദരാ, ഈ തലമുറയിലെ വിശ്വാസികൾ അല്ല, വലിയൊരു സമൂഹം നമ്മെ അതിനായി ധൈര്യപ്പെടുത്തുന്നു. ലോകത്തിലെ മനസുമായി ദൈവത്തിന്റെ പോർക്കളത്തിൽ നില്പാൻ കഴികയില്ല. സ്നേഹിതാ, നിങ്ങൾ ആത്മാക്കളെ നേടുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരാണോ, എങ്കിൽ നിങ്ങൾ നിങ്ങളുടെ ദൗത്യത്തിൽ മുന്നേറുകയാണ്, നിങ്ങൾ പിശാചിന്റെ ശത്രുവാണ്, എന്നാൽ നിങ്ങളുടെ ദൗത്യം മോശം പ്രകടനമാണെങ്കിൽ നിങ്ങൾ നിങ്ങളുടെ അപ്പം യാചിക്കുകയാണ് ചെയ്യുന്നത്.

ദർശനത്തിന് ഒരു വിലയുണ്ട്

യെശയ്യാവിന് ഒരു ദർശനം ഉണ്ടായിരുന്നു. ഉസിയാവ് മരിച്ചപ്പോൾ. ചിലർ കർത്താവ് നൽകിയ ദർശനം നഷ്ടപ്പെടുത്തിയവരായിരിക്കാം. ആത്മീയ വിശാലത ചെലവേറിയതായിരിക്കും, പ്രത്യേകിച്ച് പീഢനങ്ങളുടെ നടുവിൽ. നിങ്ങളുടെ ദർശനം നാം ആവശ്യപ്പെടുന്ന നിലകൊടുപ്പാൻ നിങ്ങൾ ഒരുക്കമാണോ? കൂട്ടുകാരന്റെ നഷ്ടമായിരിക്കാം. ആൾക്കാരുടെ പരിവർത്തനത്തിൽ ഒരു കുറഞ്ഞ നിരക്കില്ല. നിങ്ങൾ മാത്രം രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, വിശുദ്ധീകരിക്കപ്പെടുന്നു, സംതൃപ്തിയാക്കപ്പെടുന്നു, എങ്കിൽ കർത്താവിന്റെ പടക്കളത്തിൽ നിങ്ങളെ ആവശ്യമില്ല.

യെശയ്യാവിന് ഒരു ദർശനമുണ്ടായിരുന്നു, അത് മൂന്ന് രീതികളിലായിരുന്നു. യെശയ്യാവ് ആറാം അദ്ധ്യായം വാക്യം 1 -9 വരെ വായിക്കുക. 5-ാം വാക്യം, “ എനിക്ക് അയ്യോ കഷ്ടം ഏറ്റു പറച്ചിലിന്റെ വാക്ക്; 7-ാം വാക്യം, ഇതാ ശുദ്ധീകരണത്തിന്റെ വചനം; 9-ാം വാക്യം നീ ചെന്ന് ഈ ജനത്തോട് പറയേണ്ടത് നിയോഗത്തിന്റെ വചനം.

ഇത് ഒരു ഉയരങ്ങളിലെ ദർശനം ആയിരുന്നു. അവൻ കർത്താവിനെ കണ്ടു; ഒരു അകമേയുള്ള ദർശനം. അവൻ തന്നെത്തന്നെ കണ്ടു; പുറമേ ഉള്ള ഒരു ദർശനം - അവൻ ലോകത്തെ കണ്ടു.

ഇത് ഉയരത്തിലുള്ളതിനെക്കുറിച്ചുള്ള ദർശനം ആയിരുന്നു. ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് ഞാൻ കണ്ടു. ആഴങ്ങളിലെ ദർശനം തന്റെ ഹൃദയത്തിന്റെ ആഴങ്ങളെ താൻ കണ്ടു. വിശാലമായ ദർശനം. ലോകത്തെ അവൻ കണ്ടു.

ഒരു വിശുദ്ധിയുടെ ദർശനം. അതെ, സ്നേഹിതാ, ഈ തലമുറയിൽ ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ച് ദർശനം പ്രാപിച്ച വിശ്വാസികളുണ്ടാവണം. നരകത്തെക്കുറിച്ചുള്ള ഒരു ദർശനം ഞാൻ നശിച്ചു. അശുദ്ധിയുള്ള മനുഷ്യൻ! പ്രത്യാശയില്ലായ്മയുടെ ഒരു ദർശനം. ആർ നമുക്കു വേണ്ടി പോകും?

ദർശനം അത്യാവശ്യം ആണ്

ഈ സമയം ശരാശരി സഭകളിലും പ്രാർത്ഥനയെക്കാൾ ഉയർത്തുകയെന്നത് അറിയുന്ന വിഷയമാണ്, ഏകാഗ്രതമറന്ന് മത്സരം കടന്നു വന്നിരിക്കുന്നു, പുതിയതലമുറകളെ പ്രോത്സാഹിപ്പിക്കേണ്ടതിന് പകരം പ്രത്യക വ്യക്തി കേന്ദ്രീകൃതമായിരിക്കുന്നു. മൂന്നു വിധ ദർശനം ആവശ്യമായിരിക്കുന്നു.

ദർശനം ഇല്ലാത്തേടത്തു മനുഷ്യൻ നശിച്ചു പോകുന്നു. ആത്മ ഭാരം ഇല്ലാത്തേടത്തു സഭകൾ നശിച്ചുപോകുന്നു. എങ്കിൽ പോലും ഇത് വാതിലുകളിൽ നിറഞ്ഞിരിക്കുന്നു.

ലോക സുവിശേഷീകരണത്തിൽ ശക്തമായി ഉപയോഗപ്പെട്ടുകൊണ്ടിരുന്ന ശക്തനായ ഒരു പ്രാസംഗികൻ ശക്തമായി ദൈവത്തിനു വേണ്ടി പ്രയോജനപ്പെട്ടുകൊണ്ടിരുന്നതായ ഒരു ദൈവഭക്തൻ, ഇതുപോലെ മൂന്നു വിധ ദർശനങ്ങളെക്കുറിച്ചു പറഞ്ഞിരിക്കുന്നു. എനിക്ക് പ്രയാസമായി തോന്നുന്ന വിഷയങ്ങൾക്കിടയിലും എനിക്ക് ഒരു ദർശനമുണ്ട്. ഒരു സ്വപ്നമുണ്ട്, ചുറ്റുപാടുകളെക്കുറിച്ചു ഒരു കാഴ്ചപ്പാടുണ്ട്. വലിയ കൂട്ടം ജനം തനിക്ക് ഇരകളായി കിടക്കുന്നു, ലോകത്തിന്റെ ഭ്രാന്തു വീട്ടിൽ പൂട്ടപ്പെട്ടവരായികിടക്കുന്നു, നരകത്തിന് വിധിക്കപ്പെട്ടവരായി കിടക്കുന്നു. അവർ അങ്ങനെ ആയിരിക്കാൻ പാടില്ല. എങ്ങനെ അതു കഴിയും?

ഈ ഹൃദയസ്പർശിയായ വെളിപ്പാടിൽ ദൈവത്തിന് എന്തു ചെയ്യാൻ കഴിയും? നമ്മുടെ രഹസ്യ പ്രാർത്ഥനയിൽ ഒരു പരിഹാരമുണ്ടോ, ഈ രോഗം ബാധിച്ച അവസ്ഥയിൽ ഒരു വിടുതലു ണ്ടോ? ഒരു ദൈവമനുഷ്യന് എങ്ങനെയാണ് ഇങ്ങനെയൊരു ദർശനം ദൈവം നൽകുക!

ഒരു മനുഷ്യനും ജീവിക്കുന്നത് തന്റെ ദർശനത്തിനപ്പുറമല്ല. വലിയ മനസുള്ള ദൈവശാസ്ത്രജ്ഞന്മാർ നൂറ്റാണ്ടുകളായി പഴക്കമുള്ള ഇരുമ്പഴികൾ തുറന്നു ആയിരങ്ങൾ നശിച്ചു പോകുന്ന ദർശനം പ്രാപിച്ച് ദൈവത്താൽ എഴുന്നേൽപിക്കപ്പെട്ടവരായി വരുന്നുണ്ട്.

ജല്പനം ആകുന്ന പ്രാർത്ഥനകൾ ഈ ദർശത്തിനു മുമ്പിൽ ഫലവത്താകണം എന്നില്ല. കാൽവറിയിൽ നമുക്കുവേണ്ടി, നമ്മുടെ മാനസാന്തരത്തിനുവേണ്ടി നിലവിളിക്കുന്ന രക്ഷകന്റെ ദർശനം, കാൽവറി മരണത്തിനു ശേഷം അഥവാ, അവിടുന്ന് എന്തിനാണ് മരിച്ചത്? സൽവേഷൻ ആർമി സ്ഥാപകനായ വില്യം ബൂത്ത് പറയുന്നത്, തനിക്ക് ഇതു ചെയ്യാൻ കഴിഞ്ഞു, കർത്താവിന്റെ പടയാളികളുടെ പരിശീലനം പൂർത്തിയാക്കിയ ഈ ജനത്തിന് ഈ ദർശനം പകർന്നു കൊടുക്കുന്നു, ഇരുപത്തിനാലു മണിക്കൂറും നരകത്തിൽ വേദന അനുഭവിക്കുന്ന ജനത്തിന്റെ ദർശനം പകർന്നു കൊടുക്കുക. അടിസ്ഥാന ഉപദേശക്കാർ ഈ ദർശനം വീണ്ടും വീണ്ടും പ്രാപിച്ച് അതിനെ പകർന്നു കൊടുക്കുക!

നഷ്ടപ്പെട്ട പാപികളെക്കുറിച്ചുള്ള ദർശനം

ചാൾസ് ഒരു ക്രിമിനൽ ആയിരുന്നു. ദൈവത്തിന്റെ നിയമങ്ങളോ മനുഷ്യന്റെ നിയമങ്ങളോ അവനെ സ്വാധീനിച്ചില്ല. ഒടുവിൽ ജയിലിലടക്കപ്പെട്ടു. കോടതി മരണത്തിന് അദ്ദേഹത്തെ വിധിച്ചു. തന്റെ മരണത്തിന്റെ പകൽ ഇംഗ്ലണ്ടിലെ ജയിൽ അദ്ദേഹത്തെ മരണത്തിലേക്ക് കൂട്ടിക്കൊണ്ട് പോയി അദ്ദേഹത്തിന്റെ മുമ്പിൽ ചില ബൈബിൾ വചനങ്ങൾ വായിച്ചു കേൾപ്പിച്ചു.

ആ ബൈബിൾ വചനം ചാൾസിനെ സ്പർശിച്ചു. ആശ്വാസ വചനങ്ങൾ,

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

പ്രസംഗ പീഠത്തിൽ അഭിഷേകത്തിനു ..... അതിന്റെ പ്രവൃത്തി

മറുപടി പറഞ്ഞു. നരകത്തെക്കുറിച്ച് കേട്ട വചനം, നരകത്തെക്കുറിച്ചുള്ള കേൾവി അദ്ദേഹത്തെ ഭയപ്പെടുത്തി. തൂക്കു മരത്തിന്റെ നിഴലിൽ ഒരു മനുഷ്യന് എങ്ങനെ ഭയപ്പെടാതിരിക്കും, നരകത്തിന്റെ ഭീകരത, അതിൽ വീഴുന്നതിനെക്കുറിച്ചുള്ള കേൾവി എത്ര ഭീകരം? നടുക്കം കൂടാതെ ഇതു കേൾക്കാൻ കഴിയുമോ? നിത്യ രക്ഷയെ അറിയാതെ നിത്യമായി മരിക്കുന്ന ഒരുവനായി കാക്കപ്പെടുകയാണോ? ജയിലിലെ പ്രസംഗം ചാൾസ് ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്നു.

സർ, പ്രസംഗകനെ വിളിച്ചു ചോദിച്ചു. ഞാൻ വിശ്വസിച്ചാൽ സഭ പറയും, നീ വിശ്വസിക്ക, ഇംഗ്ലണ്ടിലുടെ നീളം തകർന്ന ജീവിതങ്ങളെ മുറിവുകെട്ടുന്നു, മുട്ടിന്മേൽ നിന്നു കൈകളെ ഉയർത്തി ദൈവത്തെ സ്തുതിക്കുന്നു.

പ്രീയരേ, ആളുകൾ നരകത്തിൽ പോകുന്നു, കാരണം സഭ ദർശനം നഷ്ടപ്പെടുത്തി പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ അനുവദിക്കുന്നില്ല.

ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള ദർശനം

ദൈവം വിശുദ്ധനാണ്. സാറാഫുകൾ വിളിച്ചു പറയുന്നത് സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. ദൈവം സർവ്വശക്തിയുള്ള ദൈവം. സർവ്വ വ്യാപിയായുള്ള ദൈവം. നമ്മുടെ ആത്മാവിനെ വിശുദ്ധീകരിക്കുന്നു. ഞാൻ എന്റെ കിടക്കയെ നരകം ആക്കുമ്പോൾ, ഞാൻ ഉഷസിൻ ചിറകു ധരിച്ച് സമുദ്രത്തന്റെ അറ്റത്ത് ചെന്ന് പാർത്താൽ ദൈവം അവിടെ ഉണ്ട്. ദൈവം നമ്മെ രക്ഷിക്കുന്നു. ദൈവം നിത്യതയിൽ നമുക്കായി കാത്തിരിക്കുന്നു. നമ്മെ കൈവിടാത്ത ദൈവം.

ദൈവത്തോട് സമാധാനമായിരിക്കുന്നതത്രേ ഇവിടെ നല്ലത്, നമ്മെക്കുറിച്ചുള്ള അവിടുത്തെ ഇഷ്ടവും അതത്രേ. ത്രിയേക ദൈവത്തെ ഭയഭക്തിയോടെ കാത്തിരുന്ന് വീട്ടിൽ ചെല്ലുന്നത് വരെയും പ്രത്യാശയോടെ കാത്തിരിക്കാം.

ദൈവത്തെ ഭയപ്പെടുന്നവൻ മനുഷ്യനെ ഭയക്കുന്നില്ല. ദൈവത്തിന്റെ മുമ്പിൽ മുട്ടു മടക്കുന്നവൻ വേറെ എങ്ങും മുട്ടു മടക്കേണ്ടി വരുന്നില്ല.

ദൈവത്തിന്റെ പരിശുദ്ധൻ തന്റെ സർവ്വശക്തിയാൽ സകലത്തേയും തനിക്ക് കീഴ്പ്പെടുത്തുന്നു, സർവ്വജ്ഞാനത്തിൽ അവിടുന്ന് മിണ്ടാതിരിക്കുന്നു, തന്റെ വിശുദ്ധിയിൽ പ്രകാശിക്കുന്നു. ദൈവത്തിന്റെ വിശുദ്ധി നമ്മുടെ വിശുദ്ധിയായി മാറേണം. വിശുദ്ധിയുടെ പാഠം ലോകത്തിന്റെ പാഠങ്ങൾക്ക് വിരുദ്ധമാണ്. ഒരു വിശുദ്ധിയുടെ ശുശ്രൂഷ ദൈവത്തിന്റെ കരങ്ങളിലെ ആയുധമാണ്. റോബർട്ട് മുറേ പറയുന്നു.

നമ്മുടെ ഒരു ദർശനം

6-ാം അധ്യായത്തിന് മുമ്പ് ജനത്തെക്കുറിച്ച് ധാരാളം ദു:ഖങ്ങളുണ്ടായിരുന്നു. ഇപ്പോൾ തന്നെത്താൻ കണ്ട് നിലവിളിക്കുകയാണ്. എനിക്ക് അയ്യോ കഷ്ടം. കർത്താവേ, പ്രാർത്ഥനയുടെ മുഖത്തായിരിക്കുന്നു.

എത്ര സത്യമാണ്! മനസുനിറയെ ഇഷ്ടമില്ലായ്മ വിഷമമല്ലേ? ഹൃദയത്തിന്റെ അലമാരയിൽ നിറയെ അസ്ഥികൂടങ്ങളല്ലയോ? അവയെ ഇറക്കി ശുദ്ധി ചെയ്യുവാനായി പരിശുദ്ധാത്മാവിനെ ക്ഷണിച്ചിട്ടുണ്ടോ? എന്താണ് രഹസ്യമായ പകർച്ച, എന്താണ് നിങ്ങളെ നിയന്ത്രിക്കുന്ന രഹസ്യം, രഹസ്യ അജണ്ടകൾ ഹൃദയത്തിന്റെ ഉള്ളറകളെ മലിനമാക്കിയിരിക്കുന്നുവോ?

മൂന്നു വ്യക്തിത്വങ്ങൾ എന്നിൽ കുടിക്കൊള്ളുന്നു. ഒന്നാമത്തേത് ഞാൻ ചിന്തിക്കുന്നു, ഞാനാണ്; രണ്ടാമതായി ഞാൻ ആരെയാണ് മറ്റുള്ളവർ ചിന്തിക്കുന്നു; ഒരു ദൈവം ചിന്തിക്കുന്നു ഞാൻ ആരാണ്.

സ്വയത്തെ സ്നേഹിക്കുന്ന സ്വയം

നമുക്ക് നാം വളരെ എളുപ്പമാണ്, അതുകൊണ്ട് മറ്റുള്ളവർക്ക് വളരെ പറുക്കനായ ഇടപ്പെടലാണ്, അല്ലെങ്കിൽ യഥാർത്ഥ വിജയം നേടുന്നതിൽ നാം പരാജിതരാണ്. അല്ലെങ്കിൽ യഥാർത്ഥ വിജയം നേടുന്നതിൽ നാം പാരാജിതരാണ്. സ്വയം സ്നേഹിക്കുന്ന സ്വയം. ഗെരാർഡ്മെ ജല്ലാ ഇങ്ങനെ പറയുന്നു, അവൻ ഗെരാർഡ് മെജെല്ലാ ഒഴികെ എല്ലാ മനുഷ്യരെയും സ്നേഹിക്കുന്നു.

നാം നമ്മിൽ നിന്നും നമ്മെത്തന്നെ മറെക്കുന്നു, നാം നമ്മെത്തന്നെ രോഗിയായിത്തീർക്കുന്നു. ഈ തെറ്റായ അവസ്ഥക്ക് വ്യത്യാസമുണ്ടാകുവാൻ കർത്താവിന്റെ കണ്ണ് നിങ്ങൾക്ക് വേണ്ടി ജാഗരിക്കുന്നു, മലിനമായ നാറ്റം വമിക്കുന്ന നിങ്ങളുടെ ജീവിതത്തിനുവേണ്ടി. അത് നമ്മിൽ നിന്നും എടുത്തുമാറ്റപ്പെടട്ടെ, നമ്മെ കർത്താവിനോടുകൂടെ ക്രൂശിക്കാം, പാപത്തെ സ്നേഹിക്കുന്നത് മതിയാക്കാം.

ഇത് മറ്റ് പേരുകളിൽ നമ്മിൽ പ്രത്യക്ഷപ്പെടാതിരിക്കട്ടെ. മറ്റുള്ളവർ നമ്മെ പൈശാചികമായി അസ്വസ്ഥരാക്കും. നിങ്ങളുടെ വഴികൾ നീതിയുള്ള വഴികൾ ആകട്ടെ. അവൻ പാപോദ്ദേശമുള്ളവരായിരിക്കാം, ഞാൻ എന്റെ വഴികളെ നീതിയിൽ കാക്കും. അവൻ അത്യാഗ്രഹം ഉള്ളവനാകുന്നു, ഞാൻ എന്റെ വ്യാപാരം വിശാലമാക്കും. അവൻ വഴങ്ങാത്തവൻ എനിക്ക് നല്ല മനസ്സുണ്ട്. അവൻ അഹങ്കാരി, എനിക്ക് മഹത്തരമായ ഇഷ്ടങ്ങളുണ്ട്. പൊരുത്തപ്പെട്ട ജീവിതം നയിക്കാൻ ഞാൻ ശീലിക്കുന്നു.

ആത്മാവ് തള്ളിക്കളകയില്ല വഞ്ചിക്കയുമില്ല. നമ്മെ കൈവിടാത്ത ശക്തമായ കരത്തിൽ നമ്മെ ഏല്പിച്ചാൽ യേശു അവനോട്: ഞാൻ നിനക്ക് എന്തു ചെയ്തു തരേണമെന്ന് നീ ഇച്ഛിക്കുന്നു എന്ന് ചോദിച്ചതിന്, റബ്ബൂനി, എനിക്കു കാഴ്ച പ്രാപിക്കേണമെന്ന് കുരുടൻ അവനോട് പറഞ്ഞു” (മർക്കോ. 10:51). കാഴ്ച ലഭിക്കേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം. മുകളിലോട്ട്, അകമേ, പുറമേ. എന്നിട്ട്, യെശയ്യാവിനെപ്പോലെ മുകളിലോട്ട് നോക്കാം. നമ്മുടെ കർത്താവിനെ തന്റെ വിശുദ്ധിയോടെ കാണും. നാം അകമേ നോക്കുമ്പോൾ നാം നമ്മെത്തന്നെ കാണും, നമ്മുടെ ആവശ്യം വിശുദ്ധീകരണവും ശക്തിയുമാണ്. നാം പുറമേ നോക്കുമ്പോൾ നശിച്ചു പോകുന്ന ഒരു ലോകത്തെ നാം കാണും, അവർക്ക് ഒരു രക്ഷകനെ ആവശ്യമുണ്ട്. അപ്പോൾ പ്രസംഗ പീഠത്തിൽ നമ്മുടെ അഭിഷേകവും ജനത്തിന്റെ ഇടയിൽ അതിന്റെ പ്രവൃത്തിയും തിരിച്ചറിയും.

ഒരു പ്രാർത്ഥന: “ദൈവമേ, എന്നെ ശോധന ചെയ്ത് എന്റെഹൃദയത്തെ അറിയേണമേ; എന്നെ പരീക്ഷിച്ച് എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കി, ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ”. (സങ്കീ. 139:23,24) ❖

നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ

By Horatius Bonar

ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് ഒരു വലിയ കാര്യമാണ്. ആ പേര് തന്നെ എല്ലാ നാമങ്ങളെക്കാൾ ശ്രേഷ്ഠമാണ്. ക്രിസ്ത്യാനിയായിരിക്ക എന്നത് അനുഗ്രഹവും മഹത്വകരവുമാണ്. പറയണം, ഞാൻ ഒരു ക്രിസ്ത്യാനിയാണ്, പറയണം, ഞാൻ ദൈവത്തിന് ശ്രേഷ്ടനാണ്, ഞാൻ സ്വർഗ്ഗത്തിന് ഇഷ്ടപ്പെട്ടവനാണ്.

അപ്പോൾ, കൂടുതലായി, നിങ്ങളെ പ്രതീക്ഷിച്ചിരിക്കുന്നു. പഴയ കുടുംബപ്പേരിനെ നിങ്ങൾ അനിഷ്ടമാക്കരുത്. അവിടുത്തേക്ക് അസാദ്ധ്യമായി ഒന്നും തന്നെയില്ല, നിങ്ങളെ സ്വർഗ്ഗത്തിൽ പ്രതിനിധീകരിക്കുന്നു, നിങ്ങൾ ഭൂമിയിൽ തന്നെ പ്രതിനിധീകരിക്കുന്നു, അവിടുന്ന് നിങ്ങൾ വിശ്വസ്തൻ ആകുന്നു, നിങ്ങളും അതുപോലെ വിശ്വസ്തൻ ആയിരിക്കുക. എത്ര നല്ല കർത്താവും ഗുരുവുമാണ് എന്ന് മനുഷ്യർ അറിയട്ടേ. അവിടുത്തെ സാക്ഷികളായിരിക്കുക; ദൈവത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായിരിക്ക, ജീവിക്കുന്ന ഒരു ലേഖനമായിരിക്ക. നിങ്ങളിലൂടെ ദൈവം ലോകത്തോട് സംസാരിക്കട്ടെ. ദൈവം ആരെന്ന് നിങ്ങളുടെ ജീവിതത്തിലൂടെ നിങ്ങളുടെ കൂട്ടുകാരോട് സംസാരിക്കട്ടെ, ദൈവം നിങ്ങൾക്ക് ആരായിരിക്കുന്നു എന്നും സംസാരിക്കട്ടെ. ദൈവത്തെക്കുറിച്ചു നന്നായി ലോകത്തോട് പറയുക. അവർ നിങ്ങളെക്കുറിച്ച് നിങ്ങളുടെ ദൈവത്തോട് പറയട്ടേ. അവിടുന്ന് തന്റെ നാമം നിങ്ങൾക്ക് നൽകി നിങ്ങളെ ബഹുമാനിക്കുന്നു; പുത്രത്വം, രാജത്വം, നിത്യമായ അവകാശം എന്നിവ നിങ്ങൾക്ക് തന്ന് നിങ്ങളെ അനുഗ്രഹിച്ചിരിക്കുന്നു. തന്റെ സ്നേഹത്തിൽ നീതി പ്രവർത്തിക്കുക, അവിടുത്തെ നാമത്തെ മഹത്വപ്പെടുത്തുക.

നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ. അതിനെ തടുക്കരുത്, അഥവാ മറെക്കരുത്, ഇരുളുമായി ഇതിനെ കൂട്ടിക്കുഴയ്ക്കരുത്. " എഴുന്നേറ്റ് പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു " (യെശ. 60:1). ഇത് നിങ്ങൾ പ്രാപിച്ചിരിക്കുന്ന സ്നേഹത്തിന്റെ വെളിച്ചം. ഇത് സത്യ വെളിച്ചം. അത് പ്രകാശിക്കട്ടെ. ഇത് വിശുദ്ധിയുടെ വെളിച്ചം ആകുന്നു; അതു പ്രകാശിക്കട്ടെ. നിങ്ങൾ ചോദിക്കും എങ്കിൽ, എനിക്ക് എങ്ങനെ അത് പ്രാപിക്കാൻ കഴിയും, എങ്ങനെ അതിന്റെ നിറവോടെ എനിക്കു നിലനിർത്തുവാൻ കഴിയും? ഞാൻ ഇങ്ങനെ ഉത്തരം പറയും, ക്രിസ്തു നിങ്ങൾക്ക് വെളിച്ചത്തെ തരും (എഫെ. 5:14). ദൈവത്തിൽ വെളിച്ചം ഉണ്ട്, അവിടുന്ന് ലോകത്തിന്റെ വെളിച്ചം ആകുന്നു. കുഞ്ഞാട് അതിന്റെ വെളിച്ചം ആകുന്നു (വെളി. 21:3). കുഞ്ഞാട്ടിൽ നിന്നും അല്ലാതെ ലോകത്തിന് വെളിച്ചം ഇല്ല. ഇത് ക്രൂശാണ്, ക്രൂശ് മാത്രം, ഇരുണ്ട ഹൃദയങ്ങളിൽ വെളിച്ചം പ്രകാശിക്കുന്നു. സൂക്ഷിക്കുന്നു. അവിടുന്ന് വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ ഞങ്ങൾ വെളിച്ചത്തിൽ നടക്കും. " ദൈവം വെളിച്ചം ആകുന്നു, അവനിൽ ഇരുട്ട് ഇല്ല " (1യോഹ. 1:5).

അവിടുന്ന് നിങ്ങളെ സ്നേഹിച്ചു, തന്റെ രക്തത്താൽ നിങ്ങളുടെ പാപങ്ങളെ കഴുകി. നിങ്ങളുടെ കൈകളെ യോഗ്യരാക്കിത്തീർക്കുന്നു. ഇത് അവിടുന്ന് നമുക്കുവേണ്ടി ചെയ്തിരിക്കുന്നു.

അവിടുത്തെ അനുഗമിക്കുക. അവിടുത്തെ ആദ്യവാക്കുകൾ ഇതായിരുന്നു, "എന്റെ അടുക്കൽ വരുവിൻ ". നിങ്ങൾക്ക് അഭയം നേടൂ. മറ്റ് രണ്ട് ദൂതുകൾ കൂടി അവിടുന്ന് സംസാരിക്കുന്നു, എന്നിൽ വസിപ്പിൻ, എന്നെ അനുഗമിക്ക. യേശു തന്റെ ക്രൂശ് എടുത്തതുപോലെ, നിങ്ങൾ നിങ്ങളുടെ ക്രുശെടുക്കുക; എന്നിട്ട് അവിടുത്തെ അനുഗമിക്കുക. അവിടുത്തെ നിന്ദ ചുമന്നുകൊണ്ട് അവിടുത്തെ അടുക്കൽ പുറത്തു ചെല്ലുക (ലൂക്കൊ.9:23;എബ്രാ.. 13:13). നന്മയായാലും തിന്മയായാലും അവിടുത്തെ അനുഗമിക്കുക. അവിടുന്ന് നിങ്ങളെ അണെച്ചുകൊള്ളും, അവിടുന്ന് നിങ്ങളെ നയിച്ചുകൊള്ളും, അവിടുന്നു നിങ്ങളെ സൂക്ഷിക്കും. അതുകൊണ്ട് അവിടുത്തെ അനുസരിച്ച് കൊള്ളുക. നിങ്ങളുടെ മുഴു ജീവിതവും ദൈവത്തെ പിൻപറ്റുന്നതായിരിക്കട്ടെ. എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നിടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; "എനിക്ക് ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും " (യോഹ. 12:26). ഞാൻ അവയെ അറിയുകയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു (10:27). വ്യക്തമായ വാഗ്ദത്തം എന്നത്, യേശു പിന്നെയും അവരോട് സംസാരിച്ചു; " ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും " (8:12).

അവിടുത്തെ അനുഗമിക്കുമ്പോൾ, നിങ്ങൾ മുന്നോട്ട് നോക്കുന്നു; നിങ്ങളുടെ മുഖം യരുശലേമിനു നേരെ നോക്കുന്നു, യേശു ക്രൂശിലേക്ക് പോകുന്നതിനെ പത്രോസ് എതിർത്തപ്പോൾ, അവിടുന്ന് പറഞ്ഞു, **സാത്താനേ എന്നെ വിട്ടു പോക** (മത്താ. 16:23). നിങ്ങൾ മുന്നോട്ട് നോക്കും. അപ്പോൾ അവിടുന്ന്, യേശു സ്വർഗ്ഗത്തിലേക്ക് നോക്കി (യോഹ. 17:1); നിങ്ങളുടെ നിലപാട് ഇങ്ങനെ ആയിരിക്കേണം, സ്വർഗ്ഗത്തിലേക്ക് നോക്കേണം, എപ്പോഴും ഉയരങ്ങളിലായിരിക്കേണം നമ്മുടെ നോട്ടം (കൊലൊ. 3:1).

ഓർക്കുക, എന്താണ് നിങ്ങൾ, നിങ്ങളുടെ പക്കൽ നിന്ന് ദൈവം ആഗ്രഹിക്കുന്നത് എന്താണ്. നിങ്ങളുടെ കഴിവുകളെ പ്രവർത്തിക്കുക, നിങ്ങളുടെ വിശ്വാസം, നിങ്ങളുടെ സ്വന്തം പ്രാർത്ഥനകൾ.

ദൈവത്തിന് വേണ്ടി ചിലത് ചെയ്യുക.

നിങ്ങൾ ജനിച്ചതും വീണ്ടും ജനിച്ചതും നിങ്ങൾ സ്വന്തമായിട്ടല്ല. നിങ്ങൾക്ക് ധാരാളമായി കൊടുപ്പാൻ കഴിവില്ലായിരിക്കാം, എന്നാൽ എന്തെങ്കിലും കൊടുപ്പാൻ കഴിഞ്ഞേക്കാം, നിങ്ങളുടെ കഴിവിനനുസരിച്ച് സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം അനുഗ്രഹിക്കും. ശ്രദ്ധിക്കുക, കൊതിയെ സൂക്ഷിക്കുക, ദ്രവ്യാഗ്രഹം സകലവിധ ദുഷ്ടതയ്ക്കും കാരണമാകും. ലോകസ്നേഹം

(ശേഷം 9-ാം പേജിൽ)

(8-ാംപേജിന്റെ തുടർച്ച)

നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ.

ജീവിതത്തിൽ കടുന്നുവരുമ്പോൾ അത് ഏത് വിധത്തിലായാലും, പണത്തോടുള്ള സ്നേഹമോ, സന്തോഷങ്ങളോ സ്നേഹമോ, ക്രിസ്തുവിനോടുള്ള വിശ്വസ്തതയെ വിട്ട് ദൈവത്തെയും മാമോനെയും സ്നേഹിക്കാൻ ശ്രമിക്കാറുണ്ട്.

ചിലത് ചെയ്യുക, അപ്പോൾ, ദൈവത്തിനായി, സമയം തീരെയില്ല. ദിവസങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നു, സന്ധ്യയുടെ കരിനിഴൽ വീഴുന്നു. കർത്താവിനായി ചിലത് ചെയ്യുക. കത്താവേ, അതിനായി നിങ്ങളുടെ ജീവിതത്തെ ഏല്പിച്ചുകൊടുക്കുക. സന്തോഷത്തോടെ വേല ചെയ്യുക, ശരിയായി നല്ല മനസോടെ ചെയ്യുക, ആളുകൾ വേലയേയും ഗുരുവിനെയും സ്നേഹിക്കട്ടെ. നന്മ ചെയ്യുന്നതിൽ മടുത്തുപോകരുത്. വേല ചെയ്യുക, വിശ്വാസത്തോടെ ചെയ്യുക. സ്നേഹത്തോടെ വേല ചെയ്യുക, ക്ഷമയോടെ ചെയ്യുക. പ്രത്യാശയോടെ ചെയ്യുക. കഠിനമായ വേലകളിൽ നിങ്ങൾ ഭയപ്പെട്ടു പോകരുത്, ജഡത്തിനും രക്തത്തിനും വേണ്ടി വേല ചെയ്യരുത്. "ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക" (2തിമൊ. 2:3). ആകയാൽ എന്റെ പ്രിയ സഹോദരന്മാരെ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥം എന്നറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നവരും ആകുവിൻ (1 കൊരി. 15:58). നിങ്ങളുടെ കൈമടക്കിക്കളയരുത്. നിങ്ങളുടെ വാൾ ഉറയിലിടരുത്. അലസരായിപ്പോകരുത്, ജഡത്തെ പ്രശംസിക്കുന്നവരാകരുത്, നിങ്ങളോട് തന്നെ പറയുക, പ്രവൃത്തി കൂടാതെയാണ് ഞാൻ സ്വർഗ്ഗത്തിൽ പോകുന്നത്.

നിങ്ങൾക്ക് താലന്തുകൾ കുറവായിരിക്കാം, സമയവും വളരെ കുറവായിരിക്കാം, അവസരങ്ങളും കുറവായിരിക്കാം; എന്നാൽ വേല ചെയ്യുക, ശാന്തമായി ചെയ്യുക, ക്ഷീണിച്ചു പോകാതെ, സ്വയത്തിനു പ്രാധാന്യം കൊടുക്കാതെ എന്നാൽ ദൈവത്തിന് പ്രധാന്യം കൊടുക്കുക; മനുഷ്യനിൽ നിന്നും ഉള്ള മാനം നോക്കാതെ, ദൈവത്തിൽ നിന്നും മാനം ലഭിക്കും. നിങ്ങളെ ബഹുമാനിക്കുന്ന ദിവസം വരുന്നു, യജമാനന്റെ നല്ല പ്രവൃത്തി എല്ലാ കാഠിന്യവും നീക്കും. അദ്ധ്വാനത്തിന് ഫലം നൽകും.❖

മേരിമോൺസനും ദൈവത്തിന്റെ വിശ്വസ്തതയും

(Part 3)

1929-ൽ വടക്കൻ ചൈനയിൽ ശക്തമായ ഉണർവ്വിനായി ദൈവത്താൽ ഉപയോഗിക്കപ്പെട്ട മിഷനറിയായിരുന്നു മേരി മോൺസൻ, യാത്രയിലുടനീളം ഒരു സ്റ്റീമറിന്റെ മുകളിൽ ദൈവത്തിന്റെ കരുതലിന്റെ കരങ്ങളിൽ, കടൽക്കൊള്ളക്കാരാൽ നിയന്ത്രിക്കപ്പെടുന്ന കപ്പലിൽ യാത്രയായി. അവൾ മാത്രമായി ദൈവത്തിന്റെ കരുതലിൽ കടൽക്കൊള്ളക്കാരാൽ നിയന്ത്രിക്കപ്പെടുന്ന കപ്പലിൽ യാത്രയായി. ആ സമയം യാത്രക്കാർ കൊള്ളയടിക്കപ്പെട്ടു, അവരുടെ ക്യാമ്പിൽ നിന്നു മാറി താമസിക്കേണ്ടി വന്നു. കപ്പൽക്കാരുടെ സഹായത്തോടെ ഒരു ചെറിയ ക്യാബിനിൽ അഢീഷണൽ ആയിട്ടുള്ള ഒരു ചെറിയ ഫീസോടുകൂടെ പാർത്തു യാത്രചെയ്യുവാൻ അവസരം കിട്ടി. ദൈവത്തിന്റെ പ്രത്യേക മായ കരുതലിൽ മിസ് മോൺസൻ സൂക്ഷിക്കപ്പെട്ടു. അങ്ങനെ ദൈവത്തിന്റെ പ്രത്യേക കരുതലാണ് കൊള്ളക്കാരുടെയിടയിലും മറ്റു യാത്രക്കാരുടെയിടയിലും ദൈവം ഒരുക്കിയത്. കഥ തുടരുന്നു അവരുടെ വാക്കുകളിൽ.

ഒരു ചായക്കാരൻ അല്ലാതെ ആരെയും എനിക്ക് കാണാൻ കഴിയുമായിരുന്നില്ല. ചില സമയം ഒരു ജഗ്ഗിൽ കുറച്ചു വെള്ള ചായ അഥവാ ചൂടാക്കിയ വെള്ളം എനിക്ക് തന്നിരുന്നു! രണ്ടാം ദിവസം കുറച്ചു നട്ടും ബോൾട്ടുകളുമായി റൂമിൽ വന്നിരുന്നു. എന്നാൽ ചായക്കാരൻ അറിഞ്ഞിരുന്നു എവിടെയാണ് വാതിൽ എന്ന്. ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് ചില നട്ടും ബോൾട്ടും ഒരു സ്ക്രൂ ഡ്രൈവറും ചായക്കാരൻ എനിക്ക് കൊണ്ട് തന്നു. എനിക്ക് അടക്കാനും തുറക്കാനും പാകത്തിൽ വാതിൽ ക്രമപ്പെടുത്തുവാൻ ഇടയായി.

ഒരിക്കൽ കൂടി എന്റെ ദൈവത്തിന് ഞാൻ നന്ദി പറഞ്ഞു, ദൈവത്തിന്റെ പ്രത്യേക കരുതലിനായി. അങ്ങനെ ഞാൻ അടച്ചിരിക്കുമ്പോൾ കൊള്ളകാകർക്ക് പ്രവേശിപ്പാൻ കഴിഞ്ഞില്ല. തുറന്നാൽ മാത്രം അവർക്ക് അകത്തു വരാം. അവർ ആവശ്യപ്പെടുന്നതനുസരിച്ച് ഞാൻ അവർക്ക് തുറുന്നു കൊടുക്കാറുണ്ട്. ആ സമയം ഞാൻ അവരോട് സുവിശേഷം പങ്കിടാറുണ്ട്. എനിക്കു ഭയം തോന്നിയതേയില്ല.

എന്റെ റൂമിലെ പല സന്ദർശകരും ഇത് സുരക്ഷിതമാണ് എന്നവർക്ക് തോന്നിയിരുന്നില്ല. 10 ദിവസങ്ങൾക്ക് ശേഷം അവർ ആരും വരാതെയായി. എത്ര ആഹാരം കഴിക്കുന്ന സമയം എന്റെ റൂമിന്റെ സമീപേ അവർ ഇരുന്ന് ഭക്ഷിക്കാറുണ്ട്. അത് അവരോട് സംസാരിക്കാനുള്ള അവസരമായി ഞാൻ കണ്ടു. വായിക്കുന്നവർക്ക് ഞാൻ ട്രാക്റ്റുകൾ കൊടുത്തു. ഒരാൾ ഉറക്കെ വായിച്ചു മറ്റുള്ളവർ അതിനെക്കുറിച്ച് സംസാരിക്കും. അതിന്റെ അവസാന വാക്കുകളായി ഞാൻ ഇടപെടുവാൻ ശ്രമിക്കും. ചോദ്യങ്ങൾ ചോദിക്കും. ഞാൻ പറഞ്ഞുകൊടുക്കും. അങ്ങനെ ആവോളം സുവിശേഷം ഞാൻ പങ്കുവെക്കും.

എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും തീർത്തുതരും (ഫിലി. 4:11)

ആഹാരത്തിന്റെ കാര്യത്തിൽ, തടവുകാരായ യാത്രക്കാർക്ക് കൊള്ളക്കാർ ദിവസം രണ്ട് പ്രാവശ്യം ചൂടുള്ള ഭക്ഷണത്തിൽ തൃപ്തരാണ്. ആഹാരം യുദ്ധം ചെയ്തു പിടിച്ചെടുത്ത മോഷണ മുതലായിരുന്നു. ചൈനയിലെ കുറഞ്ഞ പൈസക്ക് ആണ് വിറ്റിരുന്നത്. എനിക്കിത് വ്യത്യസ്തമായിരുന്നു. മോഷ്ടിച്ച ഭക്ഷണം കഴിക്കാൻ പാടില്ല എന്ന് എനിക്ക് തോന്നി. അധിക ചിന്ത എന്നെ രോഗിയാക്കി. അവിടെ ചോദ്യങ്ങൾക്ക് പ്രസക്തിയില്ലായിരുന്നു.

(ശേഷം 10-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

മേരിമോൺസനും... വിശ്വസ്തതയും

നൂറ്റാണ്ടുകൾക്ക് മുമ്പ് ഇതു സംഭവിച്ചിരുന്നു. ദൈവം എനിക്ക് വേണ്ടുന്നതൊക്കെയും കരുതിയിരുന്നു. കപ്പലിൽ കയറുന്നതിനു മുമ്പ് തന്നെ ഞാൻ കുറച്ചധികം ആപ്പിൾ വാങ്ങിയിരുന്നു. ഈ സമയം ഞാൻ വളരെ സന്തോഷിച്ചു, ദൈവത്തിന്റഖം കരുതലിനായി ദൈവത്തെ സ്തുതിച്ചു. കൊള്ളക്കാർ കൂടെ കൂടെ എന്നോട് ചോദിച്ചു, നിങ്ങളുടെ കയ്യിൽ ആപ്പിളോ മറ്റ് എന്തെങ്കിലും ഉണ്ടോ എന്ന്.

ദീർഘകാലമായി ഞാൻ പെട്ടിയിൽ ചോക്ലേറ്റും സ്വീറ്റ്സും എന്റെ ലഗേജിൽ ഞാൻ കരുതിയിരുന്നു. നാലും വ്യത്യസ്ത രാജ്യങ്ങളിൽ നിന്നും അയച്ചു തന്നവയായിരുന്നു അവ. പല പ്രാവശ്യം ഇവയെ മറ്റുള്ളവരുമായി ഷെയർ ചെയ്യുവാനാഗ്രഹിച്ചു. അപ്പോഴൊക്കെ അകത്തു നിന്നൊരു ശബ്ദം ഞാൻ കേട്ടു. സൂക്ഷിച്ചു വയ്ക്കുക, അത്യാവശ്യത്തിന് വേണ്ടി വരും. അവരുമായി പങ്കുവയ്ക്കുവാൻ എനിക്ക് കഴിയുകയില്ലായിരുന്നു, ആ ശബ്ദം അപ്പോൊക്കെ എന്റെ ഉള്ളിൽ മുഴങ്ങി. നീ സൂക്ഷിച്ചുവയ്ക്കുക. അമ്പതു പേർക്ക് കഴിക്കുവാനുള്ള ബിസ്ക്കറ്റ് എന്റെ പക്കൽ ഉണ്ടായിരുന്നു. അതെടുക്കുവാൻ പല വട്ടം ശ്രമിച്ചു. അപ്പോഴെല്ലാം അതേ ശബ്ദം ഞാൻ കേട്ടു. സൂക്ഷിച്ചു വയ്ക്കുക.

ഇതെല്ലാം എനിക്കു വേണ്ടി കരുതിയ ദൈവത്തിന് എത്ര മാത്രം നന്ദി പറയണം. അതിന്റെ ശേഷം ഞാൻ പകുത്തു കൊടുത്തു. ഒൻപതു ദിവസത്തേയ്ക്കുണ്ടായിരുന്നു. അതിന്റെ ശേഷം ഞാൻ മനസിലാക്കി, കൊള്ളക്കാരുടെ മോഷ്ടിച്ച ഭക്ഷണം ഞാൻ കഴിക്കാതവണ്ണം എനിക്ക് കരുതിയ കരുതലുകൾ. എന്നാൽ പിന്നെയും ഏലിയാവിന്റെ ദൈവം എനിക്ക് വഴി തുറന്നു. അത്ഭുത വഴി എനിക്കു വേണ്ടി തുറുന്നു.

പത്താംദിവസം, അതിരാവിലെ, നേരം വെളുക്കും മുമ്പേ, കതകിൽ ഒരു ശബ്ദം കേട്ടു. ഞാൻ താഴേക്ക് വന്നു. എന്റെ ഹൃദയം ദൈവത്തിന് പാടി, ഇത് ആ കാക്ക തന്നെ (1രാജാ. 17:4).

കപ്പൽ ജീവനക്കാരിലൊരുവൻ. അതുവരെ ഞാൻ അദ്ദേഹത്തെ കണ്ടിട്ടില്ല. ചായക്കാരനെ ഒഴികെ. അദ്ദേഹം എന്നോട് മന്ത്രിച്ചു. നിങ്ങളുടെ കയ്യിൽ എന്തെങ്കിലും ആഹാരമുണ്ടോ?.

ഇല്ല, ഒന്നുമില്ല.
ഞാൻ വരാം എന്ന് പറഞ്ഞിട്ട് പോയി. വന്നപ്പോൾ ഒരു പെട്ടി മുട്ടയും കുറച്ചു കേക്കും, നിങ്ങൾക്ക് ഇതു മതി. ഞാൻ ടിയാൻസിൽ നിന്നും വാങ്ങിയതാണ്.

അത്ഭുതകരമായി വചനം നിറവേറപ്പെട്ടു, അവർ വിളിക്കുന്നതിനു മുമ്പേ ഞാൻ ഉത്തരമരുളും. (യെശ. 65:24), ഒരുക്കപ്പെട്ട ക്യാബിനിൽ ഭക്ഷണവും തയ്യാറായിരുന്നു. അന്നുമുതൽ ഞാൻ ആവശ്യപ്പെടാതെ തന്നെ രാവിലെതോറും അദ്ദേഹം വന്നിരുന്നു, കപ്പൽക്കാർ കപ്പലിന്റെ അങ്ങേപ്പുറത്തായിരുന്നു, തന്റെ പോക്കറ്റിൽ രണ്ടോ മൂന്നോ മുട്ട, ഒരു മുട്ട വൈകുന്നേരത്തേയ്ക്ക് ഇതു കൂടാതെ ഉച്ചക്ക് ഒന്നോ രണ്ടോ മുട്ട വൈകുന്നേരത്തേയ്ക്ക് ഇതു കൂടാതെ ഉച്ചയ്ക്ക് മുമ്പ് ഒരു കേക്ക് കഴിക്കും ഉച്ചയ്ക്ക് ശേഷം ഒരു കേക്ക് ഇത് ഞങ്ങളുടെ യാത്ര തീരുവോളം തുടർന്നു.

ശരീരത്തിന്റെ പോഷണത്തിനവശ്യമായ ഭക്ഷണം ഞാൻ ദൈവത്തോട് ചോദിച്ചു. എന്നാൽ ഒരു കുറവും എന്റെ ശരീരത്തിനനുഭവപ്പെട്ടില്ല. ഞാൻ എന്റെ കുറഞ്ഞ ആഹാരം ഞാൻ ഭക്ഷിച്ചപ്പോൾ എനിക്ക് അത് വളരെ തൃപ്തികരമായി തോന്നി.

കൊള്ളക്കാർ എന്റെ അടുക്കൽ വന്ന് അവരുടെ ഭക്ഷണം ഞാൻ വാങ്ങാറല്ല എന്ന് അവർ പറഞ്ഞു. അവർ എന്റെ ആവശ്യാനുസരണം എനിക്ക് തരാൻ ഒരുക്കമായിരുന്നു. അവർ പലപ്പോഴും വന്ന് ടിൻഫുട്ട് താരം എന്ന് പറഞ്ഞു.

വേണ്ട നന്ദി. ഇത് എല്ലാം മോഷ്ടിച്ച ഭക്ഷണമായിരുന്നു, മറ്റാരുടെയോ പക്കൽ നിന്നും മോഷ്ടിച്ച ഭക്ഷണ സാധനങ്ങൾ ഞാൻ മോഷ്ടിച്ച ഭക്ഷണം കഴിക്കയില്ല എന്ന തീരുമാനമായിരുന്നു. എന്നത് സാധരണ എന്റെ ഉത്തരം. അവർ പറഞ്ഞു നീ പട്ടിണി കിടന്നു മരിക്കും. എന്നാൽ ഞാൻ പറഞ്ഞു, സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് എന്നെ ജീവിക്കുവാൻ സഹായിക്കും.

ദൈവത്തിന്റെ തുടർന്നുള്ള കരുതലുകൾ

ഏപ്രിൽ 18-ാം തീയതി രാവിലെ പെക്കിംഗ്-ൽ നിന്നും ഞാൻ പുറപ്പെട്ടപ്പോൾ നോർവേയിൽ നിന്നും എനിക്ക് ഒരു പാഴ്സൽ വന്നിരുന്നു. ഇത് വളരെ താമസിച്ചു പോയൊരു ക്രിസ്തുമസ് പാഴ്സൽ ആയിരുന്നു. ഒരു ദിവസം മുമ്പ് അത് വന്നിരുന്നു എങ്കിൽ അത് അവിടെ ഉപേക്ഷിക്കേണ്ടി വരുമായിരുന്നു. അവിടെ സൂക്ഷിച്ചിരുന്ന എന്റെ കമ്പിളി വസ്ത്രങ്ങളുടെ കൂട്ടത്തിൽ ഞാൻ വച്ചിട്ട് പോരണമായിരുന്നു. ആദ്യം എന്റെ സാധനങ്ങളുടെ കൂട്ടത്തിൽ ഭാരമേറുമായിരുന്നു. എന്നാൽ ഞാൻ കപ്പലിൽ എന്റെ പാകത്തിനു മാത്രം ഭാരമുള്ള ഒരു വലിയ കോട്ടും ഒരു ജോഡി കമ്പിളി വസ്ത്രങ്ങളും മാത്രമായിരുന്നു. അവ എനിക്ക് വലിയ ആശ്വാസമായി, തണുപ്പുകാലം ചെലവഴിപ്പാനുള്ള വസ്ത്രമായിരിന്നു എന്റെ പാഴ്സലിൽ.

ഞാൻ എന്റെ യാത്രയ്ക്കായി ലഗേജുകൾ ഒരുക്കുമ്പോൾ അഞ്ച് വലിയ കെട്ട് ന്യൂസ് പേപ്പർ നോർവേയിൽ നിന്നും ഉണ്ടായിരുന്നു. അതു എന്റെ യാത്രയിൽ തണുപ്പുകാലം കഴിക്കുവാനൊരു ആശ്വാസമായിരുന്നു.

മറുവില

കൊള്ളക്കാർ ഒരു മോചന ദ്രവ്യം കൊടുക്കേണം എന്നതിനെക്കുറിച്ച് എന്നെ ഓർമ്മിപ്പിച്ച. മറ്റുള്ള യാത്രക്കാരെ അവർ ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെട്ടുകൊണ്ടേയിരുന്നു.

അവർ എന്റെ കയ്യിൽ നിന്നും മോചന ദ്രവ്യം ആവശ്യപ്പെട്ടില്ല. എന്നിൽ നിന്നും ആവശ്യപ്പെട്ടില്ല എങ്കിലും പലപ്പോഴും എന്നോടു പറഞ്ഞു. നിങ്ങൾക്കറിഞ്ഞുകൂടായോ നിങ്ങൾ വലിയ വിലമതിപ്പുള്ള ആളാണ്?

അതെ, ഞാൻ അറിയുന്നു. നിങ്ങൾ വിദേശികളുടെ കൂട്ടത്തിൽ ആയിരുന്നുവല്ലോ, അങ്ങനെ നോ

(ശേഷം 11-ാം പേജിൽ)

(9-ാംപേജിന്റെ തുടർച്ച)

മേരിമോൺസനും... വിശ്വസ്തതയും

ക്കിയാൽ എത്രത്തോളം ഉണ്ട് എന്ന് അറിഞ്ഞുകൂടാ. ഞാൻ ഒരു ദൈവപൈതലാണ്, ദൈവരാജ്യം എന്റേതാണ്. സത്യമായി ഞാൻ ധാരാളം വിലമതിക്കും.

അതെ, നിങ്ങൾക്കു വേണ്ടി ഞാൻ ഒരു ലോട്ടറി എടുക്കുവാനാഗ്രഹിക്കുന്നു.

നിങ്ങൾക്കത് കിട്ടുകയില്ല. ഞാൻ ഒരു ദൈവപൈതലാണ്, ദൈവം എന്നോട് പറഞ്ഞിട്ടുണ്ട്. വിലകൂടാതെ ഞാൻ നിന്നെ സ്വതന്ത്രയാക്കും എന്ന്. യെശ. 45:13 എല്ലായ്പ്പോഴും അവർക്കുവേണ്ടി ഉദ്ധരിച്ചു, എപ്പോഴെല്ലാം ഈ വിഷയം സംസാരിക്കുമ്പോൾ.

അവർ കൂടെകൂടെ എന്നോടു പറയും, വളരെ നാളുകളായി ഞങ്ങളുടെ അടിമയാണ്. ഞാൻ അവർക്ക് പൈസ കൊടുക്കും എന്ന് അവർ പ്രതീക്ഷിച്ചുകാണും.

അക്ഷമരായി ഞങ്ങളെ നോക്കുന്നതെന്ത്? അവർ എന്നോട് ചോദിച്ചു.

ഇല്ല, അതിനായി ദൈവത്തിന് നന്ദി പറഞ്ഞു. അവിടുന്ന് എന്നെ ചൈനയിലേക്ക് സുവിശേഷം പ്രസംഗിക്കുവൻ എന്നെ അയച്ചു, ഇപ്പോൾ അവിടുന്ന് ആവശ്യപ്പെടുന്നു. നിങ്ങളോട് സുവിശേഷം പ്രസംഗിക്കുവാൻ, അതുകൊണ്ട് അവിടുത്തെ ഇഷ്ടം പോലെ ഞാൻ ചെയ്യും. അവിടുന്ന് എനിക്ക് ഈ സൗകര്യമെല്ലാം ചെയ്തിരിക്കുന്നു.

ഈ ദൈവസമാധാനം നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? അവർ തമ്മിൽ തമ്മിൽ പറയുന്നതു ഞാൻ കേട്ടു. നമുക്ക് അവളുടെ മുഖത്ത് അതു കാണാം. എത്ര വ്യത്യാസമാണ് മറ്റുള്ള യാത്രക്കാരെ കാണാൻ. അവർ ഓരോ ദിവസവും ക്ഷമയില്ലാത്തവരായി കണ്ടു. ഇത് സത്യമാണ് എന്ന് ഞാൻ അറിഞ്ഞു, ദൈവത്തിന് നന്ദി പറയുന്നു, അവർ ആ വ്യത്യാസം കാണും. ❖

സംരക്ഷണത്തിൽ ദൈവത്തിന്റെ നിയന്ത്രണങ്ങൾ

By Lois J.Stucky

ദൈവത്തോടും തന്റെ രാജ്യത്തോടും ഉള്ള നമ്മുടെ ഇഷ്ടങ്ങൾ സംരക്ഷിക്കണം. ഇത് ദൈവം നമ്മിൽ ചെയ്യുന്ന പ്രവൃത്തിയാണ്. നാം അതിനു യോഗ്യരല്ല. ഉന്നത വിളിയാൽ വിളിച്ച് അടുപ്പിച്ച്, നമ്മുടെ ആവശ്യങ്ങൾ തന്റെ കൃപയാൽ, അത്ഭുതകരമായി നൽകുന്നു. ദൈവത്തിന്റെ വഴികൾ നമുക്ക് തൃപ്തികരമായതല്ലായിരിക്കാം.

ഒരു പക്ഷേ ഈ തലമുറയിൽ, വേഗത്തിൽ അല്ലെങ്കിൽ പതുക്കെ നമ്മെ വിളിച്ച് വാഴ്ത്തപ്പെട്ട കർത്താവിനോട് ചേരുന്ന അനുഭവം. അധികം സ്വാധീനിക്കാതെ, നിർബ്ബന്ധിക്കാതെ എന്നാൽ, അധികം ഇഷ്ടത്തോടെ പറ്റിച്ചേരുന്നു.

അതെ, ദൈവമേ, ഉണർവ്വോടെ ദാഹത്തോടെ അനുഗ്രഹിക്കപ്പെട്ട ഈ ജീവിതത്തിലേക്ക് ഞങ്ങളെ നയിക്കേണമേ. അവിടുത്തെ സാന്നിദ്ധ്യം, അവിടുത്തെ സാമീപ്യം അവിടുത്തെ നിറവുകൾ അനുഭവിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ❖

ആഗമനദൂതന്റെ അന്താരാഷ്ട്ര പ്രവർത്തകർക്കായി പ്രവർത്തിപ്പാനുള്ള വഴികൾ

അവർക്കുള്ള ദൈവീക ബന്ധത്തിനായി പ്രാർത്ഥിക്കാം; അവരുടെ പ്രാർത്ഥനാ ജീവിതത്തിന്റെ ഫലത്തിനായി പ്രാർത്ഥിക്കാം; പരിശുദ്ധാത്മാവിന്റെ പുതിയ അഭിഷേകത്തിനായി പ്രാർത്ഥിക്കാം, വചനത്തിലൂള്ള വെളിപ്പാടിനായി പ്രാർത്ഥിക്കാം; കൃപയിലുള്ള വളർച്ചക്കായി; സാത്താന്റെ മേൽ ജയമെടുക്കേണ്ടതിനായി ലോകത്തിന്റെ മേലും ജയഡത്തിന്മേലും ജയമെടുക്കേണ്ടതിനായും പ്രാർത്ഥിക്കാം.

ശാരീരികവും മാനസികവുമായി ഉള്ള ജീവിതത്തിനായി പ്രാർത്ഥിക്കാം, ആരോഗ്യത്തിനും സംരക്ഷണത്തിനുമായി പ്രാർത്ഥിക്കാം. അവരുടെ സംരക്ഷണം, ദർശനം യാത്രയിൽ അവരുടെ സംരക്ഷണം എന്നിവയ്ക്കായി പ്രാർത്ഥിക്കാം. ഏകാന്തതയുടെ മേൽവിജയം, അവരുടെ ചിന്തയിൽ അവരുടെ ബലത്തിനായി പ്രാർത്ഥിക്കാം.

അവരുടെ കുടുംബാഗങ്ങൾക്കായി പ്രാർത്ഥിക്കാം.അവരുടെ ഭർത്താവിനായി ഭാര്യക്കായി, അവരുടെ രക്ഷിതാക്കൾക്കുവേണ്ടിയും ബന്ധപാപെട്ടവർക്കുവേണ്ടിയും പ്രാർത്ഥിക്കാം; കുടുംബങ്ങളിൽ സമാധാനത്തിന്റെ നല്ല അന്തരീക്ഷം നൽകപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം.

അവരുടെ ശുശ്രൂഷകളിൽ അഭിഷേകം വ്യാപരിക്കേണ്ടതിനായി പ്രാർത്ഥിക്കാം. അവരുടെ ധൈര്യത്തിനായി പ്രാർത്ഥിക്കാം. ദൈവത്തിന്റെ നടത്തിപ്പിനായി പ്രാർത്ഥിക്കാം, ഫലവത്തായി വേല ചെയ്യുവാനായി പ്രാർത്ഥിക്കാം. ❖